# POPULAR ARTICLES IN DAILIES

# മൂല്യശോഷണത്തിന്റെ പിന്നാമ്പുറങ്ങൾ

■ ഡോ. പി.പി യൂസുഫലി

ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ കഴിഞ്ഞ കുറെ മാസങ്ങളായി ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയമാണ് രൂപയുടെ മൂല്യശോഷണം. സാമ്പത്തിക വിദഗ്ദ്ധരും ഭരണകർത്താക്കളും ബാങ്കിംഗ് രംഗത്തെ ഉന്നതരും രാഷ്ട്രീയ രംഗത്തെ പ്രമുഖരും മൂല്യത്തകർച്ചയിൽനിന്നു രൂപയെ രക്ഷിക്കുന്നതിനെക്കുറിച്ച് കൂലങ്കഷമായ ചർച്ചയിലാണ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തകർച്ചയുടെ പാതയിലാണെന്നും നവലിബറൽ നയങ്ങളാണ് ഈ ദുരവസ്ഥക്ക് കാരണമെന്നും ചിലർ വാദിക്കുമ്പോൾ, അടിസ്ഥാനപരമായി ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമാണെന്നും ഇതൊരു താൽക്കാലിക പ്രതിഭാസം മാത്രമാണെന്നും രാജ്യത്ത് നിലവിലുള്ള ചില അടിസ്ഥാന പ്രശ്നങ്ങളിൽനിന്നുണ്ടായ ഹ്രസ്വകാല പ്രതിഭാസം മാത്രമാണെന്നും പ്രധാനമന്ത്രിയും ധനമന്ത്രിയും പ്രസ്താവിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥത്തിൽ എന്താണ് രൂപയുടെ മൂല്യശോഷണത്തിന് കാരണമാകുന്ന ഘടകങ്ങൾ എന്ന് വിലയിരുത്തുന്നത് സന്ദർഭോചിതമായിരിക്കും.

കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ഡോളറുമായുള്ള ഇന്ത്യൻ രൂപയുടെ വിനിമയമൂല്യം 18 ശതമാനത്തോളം കുറയുകയുണ്ടായി. ഇന്ത്യയുടെ മാത്രമല്ല, ബ്രസീൽ, തായ്‌ലണ്ട്, ഇന്തോനേഷ്യ, മലേഷ്യ, സൗത്ത് ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളുടെ കറൻസിയിലും സമാനമായ മൂല്യശോഷണം സംഭവിക്കുകയുണ്ടായി. 2011ൽ രൂപയുടെ മൂല്യം ഒരു ഡോളറിന് 45 രൂപ എന്ന തലത്തിൽനിന്ന് ഈ ഓഗസ്ത് മാസം 28ാം തീയതി റിക്കാർഡ് നിലവാരമായി 68.85 രൂപ എന്ന തലത്തിലേക്ക് കൂപ്പുകുത്തി.

ഒരു കറൻസിയുടെ വിനിമയമൂല്യം എന്നാൽ, വിദേശ കറൻസിയുടെ (ഡോളർ, പൗണ്ട്, യൂറോ മുതലായവ) ഒരു യൂണിറ്റ് വാങ്ങാൻ ആവശ്യമായ ആഭ്യന്തര കറൻസിയുടെ അളവാണ്. രൂപയുടെ മൂല്യത്തിലുള്ള ചാഞ്ചാട്ടം കാരണം ചിലപ്പോൾ ഒരു വിദേശ കറൻസി വാങ്ങാൻ കൂടുതൽ രൂപ നൽകേണ്ടിവരും. ഇതിനെ രൂപയുടെ മൂല്യശോഷണമെന്ന് പറയും. മറ്റുചിലപ്പോൾ ഒരു വിദേശ കറൻസി വാങ്ങാൻ കുറച്ച് രൂപ നൽകിയാൽ മതിയാവും. ഇതിനെ രൂപയുടെ മൂല്യവർദ്ധനവെന്നും പറയും. ഇപ്പോൾ രൂപ നേരിടുന്ന മൂല്യത്തകർച്ചയുടെ വേരുകൾ പോയവർഷങ്ങളിൽ രൂപപ്പെട്ട ചില പ്രതിസന്ധികളുടെ ബാക്കിപത്രമായതിനാൽ, അന്നത്തെ പ്രശ്നങ്ങളിലേക്കൊരു എത്തിനോട്ടം അനിവാര്യമാണ്.

അമേരിക്കൻ ഭവന മേഖലയിൽ രൂപപ്പെട്ട പ്രതിസന്ധിയിൽനിന്നും ഉടലെടുത്ത 2008ലെ ആഗോള സാമ്പത്തിക പ്രതിസന്ധി അമേരിക്കൻ, യൂറോപ്യൻ രാജ്യങ്ങളെ മാന്ദ്യത്തിന്റെ പിടിയിലമർത്തിയപ്പോൾ, ഇന്ത്യയടക്കമുള്ള ഉയിർത്തെഴുന്നേൽപിന്റെ പാതയിലുള്ള സമ്പദ്‌വ്യവസ്ഥകൾ (എമർജിംഗ് മാർക്കറ്റ് എക്കണോമിക്സ്) (ഇ.എം.ഇ.എസ്) ഉണർവിന്റെ പാതയിലായിരുന്നു. ഒരു വൻ തകർച്ചയിൽനിന്നും തങ്ങളുടെ രാജ്യത്തെ രക്ഷിക്കാൻ സമ്പന്ന രാജ്യങ്ങൾ കോടിക്കണക്കിന് ഡോളറുകൾ ഉത്തേജക പാക്കേജുകളായി ആഗോള സമ്പദ് വ്യവസ്ഥകളിലേക്ക് ഒഴുക്കുകയുണ്ടായി. അമേരിക്കൻ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് ഒരു ട്രില്യൺ (1 ലക്ഷം കോടി) ഡോളറോളം ഒഴുക്കിയപ്പോൾ, കേന്ദ്ര ബാങ്കുകളായ ബാങ്ക് ഓഫ് ഇംഗ്ലണ്ട്, യൂറോപ്യൻ സെൻട്രൽ ബാങ്ക്, ജപ്പാൻ കേന്ദ്ര ബാങ്ക് എന്നിവ ബില്യൺ കണക്കിന് ഡോളർ വിപണിയിലെത്തിച്ചു. ഈ പണം ഇന്ത്യയടക്കമുള്ള എമർജിംഗ് മാർക്കറ്റുകളുടെ ഓഹരി വിപണിയിലും സ്വർണത്തിലും മറ്റ് ഉൽപന്നങ്ങളിലും നിക്ഷേപങ്ങളായി മാറി. ഇപ്പോൾ അമേരിക്കൻ സമ്പദ്‌വ്യവസ്ഥ വീണ്ടും ഉയർച്ചയുടെ പാതയിലേക്ക് നീങ്ങുകയും യൂറോപ്പിൽ സാമ്പത്തിക സ്ഥിരത കൈവരാൻ തുടങ്ങുകയും ഇന്ത്യയെപ്പോലുള്ള ഏഷ്യൻ രാജ്യങ്ങൾ സ്ഥൂല സാമ്പത്തിക (മാക്രോ എക്കണോമിക്സ്) പ്രശ്നങ്ങൾ കാരണം വളർച്ചാമുരടിപ്പിൽ അകപ്പെടുകയും ചെയ്തതോടെ, ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽനിന്ന് ഡോളർ തിരികെ പോകുന്നതാണ് രൂപയുടെ മേൽ സമ്മർദ്ദം വർധിപ്പിക്കുന്നത്.

രൂപയുടെ മൂല്യത്തകർച്ചക്കുള്ള പല കാരണങ്ങളിൽ മുഖ്യപങ്ക് വഹിക്കുന്നത് ഇന്ത്യയുടെ വർധിച്ചുവരുന്ന വ്യാപാര കമ്മിയാണ് (കറന്റ് എക്കൗണ്ട് ഡെഫെസിറ്റ് - സി.എ.ഡി). ഒരു വർഷം 90 ബില്യൺ ഡോളർ വ്യാപരക്കമ്മിയുള്ള ഇന്ത്യ ലോക രാജ്യങ്ങളിൽ ഏറ്റവും ഉയർന്ന സി.എ.ഡിയുള്ള മൂന്നാമത്തെ രാജ്യമാണ്. ഒരു രാജ്യത്തിന്റെ കയറ്റുമതി വരുമാനവും ഇറക്കുമതി ചെലവും തമ്മിലുള്ള അന്തരമാണ് വ്യാപാരകമ്മി (സി.എ.ഡി). ഇറക്കുമതി കയറ്റുമതിയേക്കാൾ കൂടുമ്പോൾ നമ്മുടെ കൈവശമുള്ള വിദേശ കറൻസി നൽകേണ്ടിവരുന്നതിനാൽ രൂപയുടെ മൂല്യം കുറയാൻ കാരണമാകുന്നു. രണ്ടായിരാമാണ്ടിന്റെ ആദ്യ പകുതിയിൽ ശരാശരി വ്യാപാര കമ്മി (സി.എ.ഡി) മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ (ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ട് - ജി.ഡി.പി) ഒരു ശതമാനത്തിൽനിന്നു 2012 ഡിസംബറിൽ ജി.ഡി.പിയുടെ 6.8 ശതമാനമായി വർധിച്ചു. കഴിഞ്ഞ മൂന്ന് മാസത്തിനിടെ രൂപയുടെ വിനിമയമൂല്യം 18 ശതമാനം കുറയാനുള്ള പ്രധാന കാരണം വർധിച്ചുവരുന്ന ഈ വ്യാപാര കമ്മിയാണ്.

ഇന്ത്യയുടെ വ്യാപാര കമ്മി (സി.എ.ഡി) വർധിപ്പിക്കുന്നതിൽ രണ്ട് ഘടകങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു - സ്വർണ്ണവും പെട്രോളിയം ഉൽപന്നങ്ങളും. ലോകത്ത് ഏറ്റവും കൂടുതൽ സ്വർണ്ണം ഇറക്കുമതി ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. നിലവിലുള്ള സ്വർണ്ണ വിലയിൽ ഇന്ത്യയിൽ 1.4 ട്രില്യൺ ഡോളർ വിലമതിക്കുന്ന 31,000 ടൺ സ്വർണ്ണമുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വർധിച്ച് വരുന്ന സ്വർണ്ണ ഇറക്കുമതി നമ്മുടെ ഇറക്കുമതി ചെലവ് വർധിപ്പിക്കുമ്പോൾ രൂപയുടെ മൂല്യം താഴുന്നു. പെട്രോളിയത്തിന്റെ ഇറക്കുമതിയിൽ ഇന്ത്യ ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ രാജ്യമാണ്. നമ്മുടെ പെട്രോളിയം ആവശ്യത്തിന്റെ 80 ശതമാനവും ഇറക്കുമതി ചെയ്യുമ്പോൾ സ്വർണ്ണം പൂർണ്ണമായും ഇറക്കുമതി ചെയ്യുന്നു. പെട്രോളിന്റെ വാർഷിക ഇറക്കുമതി ചെലവായ 100 ബില്യൺ ഡോളറും സ്വർണ്ണത്തിന്റെ വാർഷിക ഇറക്കുമതി ചെലവായ 50 ബില്യൺ ഡോളറും ചേർത്താൽ രാജ്യത്തിന്റെ മൊത്തം വ്യാപാര കമ്മി (സി.എ.ഡി) യുടെ 50 ശതമാനത്തിന് മുകളിൽ വരുമെന്നത് പ്രശ്നത്തിന്റെ സങ്കീർണ്ണതയിലേക്ക് വിരൽ ചൂണ്ടുന്നു. ഈ പ്രതിസന്ധിയിൽനിന്നു രൂപയെ രക്ഷിക്കാൻ സ്വർണ്ണത്തോടുള്ള നമ്മുടെ ആർത്തി കുറക്കണമെന്നും പെട്രോളിന്റെ ഉപയോഗം നിയന്ത്രിക്കണമെന്നും പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് ജനങ്ങളോട് ആവർത്തിച്ചുകൊണ്ടിരിക്കുന്നത്, വ്യാപാരക്കമ്മി കുറക്കുന്നതിന്റെ അനിവാര്യതയെ സൂചിപ്പിക്കുന്നു. മാത്രവുമല്ല ഈയിടെ പാർലമെന്റിൽ അവതരിപ്പിച്ച ഭക്ഷ്യ സുരക്ഷാ ബില്ലിൽ നിർദ്ദേശിച്ച ഭക്ഷ്യ സബ്സിഡിയായ 1,09,000 കോടികൂടി കണക്കിലെടുക്കുമ്പോൾ ഇന്ത്യയുടെ ധനകമ്മി 1,13,000 കോടിവരെ ഉയർന്നേക്കാമെന്ന കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിലാണ് രൂപയുടെ മൂല്യം 18 വർഷത്തി

**യൂസുഫലി**

നിടയിലെ താഴ്ന്ന നിലവാരമായ ഡോളറിന് 68.85 രൂപ എന്ന നിലവാരത്തിലേക്ക് കൂപ്പുകുത്തിയത്.

വിദേശ നിക്ഷേപ സംരംഭകർ (ഫോറിൻ ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സ് – (എഫ്.ഐ.ഐ.എസ്) ഓഹരി വിപണിയിൽനിന്നു പിൻവാങ്ങുന്നതാണ് രൂപയെ തളർത്തുന്ന മറ്റൊരു ഘടകം. വിദേശ നിക്ഷേപം രണ്ട് രീതിയിലാണ് നടക്കുന്നത്. ഉൽപാദന മേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപ (ഫോറിൻ ഡയരക്ട് ഇൻവെസ്റ്റ്മെന്റ് – എഫ്.ഡി.ഐ) വും ഓഹരികളിലും കടപ്പത്രങ്ങളിലുമുള്ള വിദേശ പോർട്ട് ഫോളിയോ നിക്ഷേപ (ഫോറിൻ പോർട്ട് ഫോളിയോ ഇൻവെസ്റ്റ്മെന്റ് – എഫ്.പി.ഐ) വും. ആഭ്യന്തര വിപണി ഉണർവിന്റെ പാതയിലാവുമ്പോൾ വിദേശ നിക്ഷേപകർ ഇന്ത്യൻ ഓഹരികൾ വാങ്ങിക്കൂട്ടും. ഇത് രൂപയുടെ ആവശ്യം വർധിപ്പിക്കുന്നതിനാൽ രൂപയുടെ മൂല്യം വർധിക്കും. മറിച്ച് ഓഹരികൾ വിറ്റഴിക്കുമ്പോൾ രൂപക്ക് പകരം ഡോളറിന്റെ ആവശ്യം വർധിക്കുന്നത് രൂപയുടെ മൂല്യം കുറയുവാനും ഡോളറിന്റെ മൂല്യം വർധിക്കുവാനും കാരണമാകുന്നു. കഴിഞ്ഞ രണ്ട് വർഷത്തോളമായി ഇന്ത്യൻ ഓഹരി വിപണി ചാഞ്ചാട്ടത്തിന്റെ പാതയിലാണ്. വിദേശ നിക്ഷേപകർ ഇന്ത്യൻ ഓഹരി വിപണിയിൽനിന്നും ഈ വർഷം ജൂണിൽ 44,162 കോടി രൂപ (യു.എസ്.ഡി 7.5 ബില്യൺ) യും ജൂലൈയിൽ 18,124 കോടി രൂപയും (യു.എസ്.ഡി 3 ബില്യൺ) ഓഗസ്റ്റിൽ 15,695 കോടി രൂപയുടെയും (യു.എസ്.ഡി 2.5 ബില്യൺ) ഓഹരികൾ വിറ്റ് പിൻമാറിയത് രൂപയുടെ മൂല്യശോഷണത്തിന് ആക്കംകൂട്ടി.

സാമ്പത്തികശാസ്ത്ര തത്വമനുസരിച്ച് ഏതൊരു വസ്തുവിന്റെയും വില നിർണയിക്കുന്നതുപോലെ കറൻസിയുടെയും വില വിദേശനാണ്യ കമ്പോളത്തിലെ ചോദന (ഡിമാന്റ്) പ്രദാന (സപ്ലൈ) ശക്തികളാണ് നിർണയിക്കുന്നത്. വിദേശ കറൻസിയുടെ ഊഹക്കച്ചവടത്തിൽ അധിഷ്ഠിതമായ അവധിവ്യാപാരം രൂപയുടെ മൂല്യശോഷണത്തിൽ മുഖ്യപങ്ക് വഹിക്കുന്നു. വിദേശ കറൻസി വിപണിയിൽ രൂപയുടെ ക്രയവിക്രയം നടക്കുന്നത് മൂന്ന് തലങ്ങളിലാണ്. ബാങ്കുകൾക്കിടയിലുള്ള വ്യാപാരം (ഇന്റർ ബാങ്ക് സ്പോട്ട് ആന്റ് ഫോർവേർഡ് മാർക്കറ്റ്), എക്സ്ചേഞ്ച് മുഖാന്തിരമുള്ള കറൻസി അവധി വ്യാപാരം (എക്സ്ചേഞ്ച് ട്രേഡഡ് കറൻസി ഫ്യൂച്ചേഴ്സ് ആന്റ് ഓപ്ഷൻസ് മാർക്കറ്റ്), വിദേശ നോൺ ഡെലിവറബിൾ അവധി വ്യാപാരം (ഓഫ്ഷോർ നോൺ- ഡെലിവറബിൾ ഫോർവേർഡ് മാർക്കറ്റ് – എൻ.ഡി.എഫ്) എന്നിവയാണവ. ആദ്യ രണ്ട് രീതിയിലുള്ള വ്യാപാരത്തിലും റിസർവ് ബാങ്ക് നിയന്ത്രണങ്ങൾ ഫലപ്രദമെങ്കിലും എൻ.ഡി.എഫ് മാർക്കറ്റിന് മുകളിൽ റിസർവ് ബാങ്കിന് യാതൊരു നിയന്ത്രണവുമില്ല. കാരണം ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക എന്നീ രാജ്യങ്ങളുടെ കറൻസികളിൽ സിങ്കപ്പൂർ, ഹോങ്കോങ്, ലണ്ടൻ, ന്യൂയോർക്ക് തുടങ്ങിയ രാജ്യങ്ങളിൽ മാത്രമാണ് എൻ.ഡി.എഫ് മാർക്കറ്റുകൾ പ്രവർത്തിക്കുന്നത്. ആഭ്യന്തര വിപണിയിലും വിദേശ എൻ.ഡി.എഫ് വിപണികളിലും നടക്കുന്ന രൂപയുടെ ചലനങ്ങൾ തമ്മിൽ അഗാധമായ ബന്ധമുള്ളതുകൊണ്ട് എൻ.ഡി.എഫ് മാർക്കറ്റിലെ ക്രയവിക്രയങ്ങൾ രൂപയുടെ വിലയെ പ്രതികൂലമായി ബാധിക്കുന്നു.

ഉയർന്ന പണപ്പെരുപ്പവും പലിശ നിരക്കും രൂപയുടെ മേലുള്ള സമ്മർദ്ദം വർധിപ്പിക്കുന്നു. കുറഞ്ഞ പണപ്പെരുപ്പം ആ രാജ്യത്തിന്റെ കറൻസിയുടെ ക്രയശേഷി വർധിപ്പിക്കുമ്പോൾ യഥാർത്ഥത്തിൽ ഉയർന്ന വിനിമയമൂല്യത്തെ സൂചിപ്പിക്കുന്നു. ഇന്ത്യയിൽ പണപ്പെരുപ്പം തുടർച്ചയായി ഉയർന്ന തലത്തിൽ നിൽക്കുന്നത് രൂപയുടെ ക്രയശേഷി കുറക്കുന്നു. ഉയർന്ന പലിശനിരക്ക് വിദേശ മൂലധനത്തെ ആകർഷിക്കാൻ സഹായിക്കുമെങ്കിലും നാണ്യപ്പെരുപ്പം ഉയർന്ന തലത്തിൽ നിൽക്കുന്ന ഇന്ത്യയെപോലുള്ള രാജ്യത്ത് ഉയർന്ന പലിശനിരക്ക് നിക്ഷേപത്തെ ആകർഷിക്കുന്നതിന് പകരം നാണ്യപ്പെരുപ്പം വർധിപ്പിക്കാൻ കാരണമാകും.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട ഈ പ്രശ്നങ്ങൾക്ക് പുറമെ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ ക്രമേണയുള്ള ഉയർച്ചയും വിദേശ വിനിമയ കറൻസി എന്ന നിലയിൽ ഡോളറിന്റെ ഉയർത്തെഴുന്നേൽപ്പും രൂപയെ സ്വാഭാവികമായും ക്ഷീണിതമാക്കുന്നു. അമേരിക്കൻ ഫെഡറൽ റിസർവിന്റെ സാമ്പത്തിക ഉത്തേജക പാക്കേജ് പിൻവലിക്കുമെന്ന ചിന്തയും ഫെഡറൽ ചെയർമാൻ ബെൻ ബെർണാങ്കെയുടെ പാരിമാണിക നിയന്ത്രണ ലളിതവൽക്കരണ (ക്വാണ്ടിറ്റേറ്റിവ് ഈസിംഗ് – ക്യൂ.ഇ പോളിസീസ്) പ്രഖ്യാപനവും വികസ്വര രാജ്യങ്ങളിലേക്കുള്ള പണത്തിന്റെ പ്രവാഹം കുറക്കുമെന്നതും മൂല്യത്തകർച്ചക്ക് ആക്കംകൂട്ടുന്നു. കൂടാതെ സിറിയയുടെ മേലുള്ള അമേരിക്കൻ സൈനിക ആക്രമണം പെട്രോളിന്റെ വില വീണ്ടും ഉയരാൻ കാരണമാകുമെന്നതും രൂപയെ സമ്മർദ്ദത്തിലാക്കുന്നു.

എങ്കിലും ചില മേഖലകൾക്കെങ്കിലും രൂപയുടെ മൂല്യശോഷണം നേട്ടവും അവസരവുമൊരുക്കുന്നുണ്ട്. കയറ്റുമതിയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾക്കും സോഫ്റ്റ്‌വെയർ മേഖലക്കും നേട്ടമാകുമ്പോൾ, ഇറക്കുമതിയിലധിഷ്ഠിതമായ മേഖലകളെ പ്രതികൂലമായി ബാധിക്കും. രൂപയുടെ മൂല്യത്തകർച്ച വിദേശ ഇന്ത്യക്കാരുടെ വരുമാനത്തിൽ ഉയർന്ന വർധനവ് ഉണ്ടാക്കുന്നത് കാരണം ഇന്ത്യൻ ബാങ്കുകളിലേക്കുള്ള എൻ.ആർ.ഐ നിക്ഷേപത്തിൽ ഗണ്യമായ വർധനവ് അനുഭവപ്പെടുന്നു.

സമ്പദ്‌വ്യവസ്ഥയിൽ വളരെ ശക്തമായ ഇടപെടലുകൾ നടത്തുന്നതിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുള്ളൂ. ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിലൂടെയും (കാർഷിക – വ്യാവസായിക മേഖലകളിൽ) കയറ്റുമതിയിൽ അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകിയും സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. വർധിച്ചുവരുന്ന വ്യാപാരകമ്മി (സി.എ.ഡി) നിയന്ത്രണ വിധേയമാക്കാൻ പെട്രോളിന്റെ ഉപയോഗത്തിൽ ഗണ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. ഉൽപാദനപരമല്ലാത്ത ആവശ്യങ്ങൾക്കുള്ള പെട്രോളിന്റെ ഉപയോഗത്തിന് സർചാർജ് ഈടാക്കുക, വിവേചനപരമായ വില (ഡിസ്ക്രിമിനേറ്ററി പ്രൈസ്) നിർണയിക്കുക തുടങ്ങിയവയിലൂടെ ഉപയോഗം നിയന്ത്രിക്കേണ്ടതുണ്ട്. നിക്ഷേപമെന്ന നിലയിൽ സ്വർണ്ണത്തിന്റെ ആകർഷണീയത കുറക്കുക, വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്വർണ്ണ ശേഖരങ്ങൾ ബാങ്കുകളിലൂടെ നിയമ വിധേയമായ ക്രെഡിറ്റ് ഇൻസ്ട്രുമെന്റുകളാക്കി മാറ്റുക, എൻ.ഡി.എഫ് മാർക്കറ്റ് പോലെയുള്ള വിദേശ കറൻസി മാർക്കറ്റുകളെ നിയന്ത്രണ വിധേയമാക്കുക തുടങ്ങിയ നടപടികളിലൂടെ മാത്രമേ രൂപയെ തകർച്ചയിൽനിന്നു രക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഇതുപോലുള്ള അടിസ്ഥാനപരമായ പരിഹാര മാർഗങ്ങളിൽ റിസർവ് ബാങ്കിന്റെ നടപടികൾക്ക് പരിമിതികളുള്ളതുകൊണ്ടുതന്നെ, കേന്ദ്ര ഗവൺമെന്റിന്റെ നയപരമായ ഇടപെടലുകൾ അനിവാര്യമാക്കുന്നു.

(ഫാറൂഖ് കോളജ് അസോഷ്യേറ്റ് പ്രൊഫസറാണ് ലേഖകൻ)

# വെളുത്തവടി സുരക്ഷാദിനം

സി ഹബീബ്

കാഴ്ചയില്ലായ്മ വ്യത്യസ്തമായ പല പരിമിതികളും വ്യക്തിയിൽ സൃഷ്ടിക്കുന്നു. അക്കൂട്ടത്തിൽ ഏറ്റവും പ്രധാനം സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള പരിമിതിയാണ്. കാഴ്ചയില്ലാത്തവരുൾപ്പെടുന്ന വിഭിന്നശേഷിയുള്ളവർക്ക് സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന് അനുമതിയും അംഗീകാരവും നൽകിത്തുടങ്ങിയതു മുതൽതന്നെ, അംഗപരിമിതി സൃഷ്ടിക്കുന്ന വെല്ലുവിളികൾ അതിജീവിക്കാനുള്ള മാർഗങ്ങളെക്കുറിച്ചും സമൂഹം ചിന്തിച്ചുതുടങ്ങി. ഈ അന്വേഷണത്തിന്റെ സ്വീകാര്യമായ ഫലമെന്ന നിലയ്ക്കാണ് വെള്ളവടി (white cane) രൂപകൽപ്പന ചെയ്യപ്പെട്ടത്.

കാഴ്ചയില്ലാത്തവർ വ്യത്യസ്തതരം വടികൾ ഉപയോഗിക്കുന്ന സമ്പ്രദായം ആദ്യകാലങ്ങളിൽതന്നെ വികസിച്ചുവന്നു. കാഴ്ചയുള്ള സഹായിയോടൊപ്പം സഞ്ചരിക്കുന്ന രീതി ഉണ്ടായിരുന്നെങ്കിലും, അത് പരാശ്രയത്തിന്റെ തോത് വർധിപ്പിക്കുന്നതിനാൽ മറ്റുമാർഗങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടിവന്നു. അങ്ങനെയാണ് പ്രത്യേകപരിശീലനം സിദ്ധിച്ച നായ്ക്കളുടെ സഹായം സ്വീകരിച്ചുതുടങ്ങിയത്. സുരക്ഷിതവും സുഗമവുമായ സഞ്ചാരം ഉറപ്പുവരുത്തുന്നതിൽ ഇത് പൂർണമായി വിജയിക്കാത്തതുകൊണ്ട് ബദൽ മാർഗങ്ങളെക്കുറിച്ചുള്ള അന്വേഷണം തുടർന്നു. അങ്ങനെയാണ് ശാസ്ത്രീയ കാഴ്ചപ്പാടോടുകൂടിയ വെളുത്തവടി രൂപകൽപ്പന ചെയ്യപ്പെട്ടത്.

1920 കളിലാണ് ശാസ്ത്രീയമായ അവബോധത്തോടുകൂടി വടി ഉപയോഗിച്ച് കാഴ്ചയില്ലാത്തവർ സഞ്ചരിക്കുന്നത് രേഖപ്പെടുത്തി കാണുന്നത്. ഇംഗ്ലണ്ടിലും ഫ്രാൻസിലും അമേരിക്കയിലുമൊക്കെ ഈ രീതി തുടർന്നു. എന്നാൽ, 1930കളിൽ അമേരിക്കയിലെ ലയൺസ് ക്ലബ്ബാണ് വ്യത്യസ്ത നിറങ്ങളിലുള്ള വടികൾ വെള്ളച്ചായം പൂശുന്നതുവഴി അതിലൊരേകീകരണം സാധ്യമാക്കാമെന്നും അത് കാഴ്ചയില്ലാത്തവരെ തിരിച്ചറിയുന്നതിനുള്ള ഒരുപാധിയായി ഉപയോഗിക്കാനാവുമെന്നും കണ്ടെത്തിയത്. 1969ൽ കൊളംബോയിൽ നടന്ന കാഴ്ചയില്ലാത്തവരുടെ അഖില ലോക കൂട്ടായ്മ (International Federation for the Blind)യുടെ രണ്ടാം കൺവൻഷനിലാണ് അന്താരാഷ്ട്ര അടിസ്ഥാനത്തിൽ ഒക്ടോബർ 15 വെള്ളവടി സുരക്ഷാദിനമായി ആചരിക്കാൻ തീരുമാനിച്ചത്.

സുരക്ഷിതവും സുഗമവുമായ സഞ്ചാരത്തിന് പൂർണമായി കാഴ്ചയില്ലാത്ത വ്യക്തിയെ സജ്ജമാക്കുന്ന വെളുത്തവടി ഇന്ന് നാം കാണുന്ന വിധത്തിൽ രൂപകൽപ്പന ചെയ്തത് ഡോ. റിച്ചാർഡ് ഹ്യൂവർ എന്ന അമേരിക്കക്കാരനാണ്. രണ്ടാംലോക മഹായുദ്ധാനന്തരം അംഗപരിമിതരായിത്തീർന്ന സൈനികരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി പ്രവർത്തിച്ച വ്യക്തിയാണ് അദ്ദേഹം. Long cane അഥവാ നീണ്ട വടിയും folding cane അഥവാ ഉപയോഗത്തിനുശേഷം മടക്കിസൂക്ഷിക്കാവുന്ന മടക്കുവടികളും ഇന്ന് ലഭ്യമാണ്. കാഴ്ചയില്ലാത്ത വ്യക്തിയുടെ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള കഴിവിനെ പോഷിപ്പിക്കുന്നതോടൊപ്പം കാഴ്ചയില്ലാത്ത വ്യക്തിയുടെ സാന്നിധ്യത്തെക്കുറിച്ച് ചുറ്റുമുള്ളവരെ അറിയിക്കാനും വെളുത്തവടിക്ക് സാധിക്കുന്നു.



വ്യക്തിയുടെ നെഞ്ചോളം പൊക്കമുള്ള വടിയാണ് സാധാരണ ഉപയോഗിക്കുന്നത്. വ്യത്യസ്ത പ്രതലങ്ങളിൽ സഞ്ചരിക്കുന്നതിന് വ്യത്യസ്ത രീതികൾ ഇന്ന് വികസിച്ചുവന്നിട്ടുണ്ട്. സാധാരണയായി അനുവർത്തിക്കുന്ന രീതി ഇടതുപാദം മുന്നോട്ടുവയ്ക്കുമ്പോൾ വലതുഭാഗത്ത് വടികൊണ്ട് പരതുകയും, വലതുപാദം മുന്നോട്ടു വയ്ക്കുമ്പോൾ ഇടതുവശത്തേക്ക് മാറ്റുകയുമാണ്. വെളുത്തവടിയുടെ ഈ സാങ്കേതിക സാധ്യതയെക്കുറിച്ച് സമൂഹത്തിന് പൊതുവെ ധാരണയില്ല. പലപ്പോഴും വൃദ്ധർ ഉപയോഗിക്കുന്ന ഊന്നുവടിയോടാണ് സമൂഹം ഇതിനെ താരതമ്യംചെയ്യുന്നത്. അതുകൊണ്ടുതന്നെ വടിയുടെ ഉപയോഗത്തെ സമൂഹം പ്രോത്സാഹിപ്പിക്കുന്നില്ല. ഏറെക്കുറെ എല്ലാ വികസിതരാജ്യങ്ങളിലും വെളുത്തവടി ഉപയോഗിച്ച് സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള പരിസരം സൃഷ്ടിക്കുന്നതിന് അവരുടെ ട്രാഫിക് നിയമങ്ങളെ ഭേദഗതി ചെയ്തിരിക്കുന്നു. എന്നാൽ, ഇന്ത്യയിൽ ഇന്നും ഇത്തരമൊരു ഭേദഗതി സാധ്യമായിട്ടില്ല. വടി ഉപയോഗിക്കുന്നതുവഴി തങ്ങളുടെ കാഴ്ചയില്ലായ്മ വെളിപ്പെടുന്നതിലുള്ള അപകർഷതാബോധവും വടിയുടെ ഉപയോഗത്തെക്കുറിച്ചുള്ള സാങ്കേതികമായ അജ്ഞതയും ആശ്രയത്വം അവരിൽ സൃഷ്ടിക്കുന്ന മടിയും വെള്ളവടി ഉപയോഗിക്കുന്നതിൽനിന്ന് പല കാഴ്ചയില്ലാത്തവരെയും തടയുന്നു.

ഇന്ന് കാഴ്ചയില്ലാത്തവരെ സ്വതന്ത്രമായി സഞ്ചരിക്കുന്നതിന് സഹായിക്കുന്ന ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പല സംവിധാനങ്ങളും വികസിത രാഷ്ട്രങ്ങളിൽ രൂപപ്പെട്ടുവന്നിട്ടുണ്ട്. വിഭിന്നശേഷിയുള്ളവരെ സംബന്ധിച്ച നമ്മുടെ പല കാഴ്ചപ്പാടുകളും തെറ്റിദ്ധാരണകൾ നിറഞ്ഞതാണ്. ഉദാഹരണമായി വിഭിന്ന ശേഷിയുള്ളവർ (Differently Abled) എന്ന പദം തന്നെ തെറ്റായ അർഥത്തിലാണ് പലരും മനസിലാക്കുന്നത്. ഒരു ശേഷി നഷ്ടപ്പെട്ടവരിൽ മറ്റൊരു ശേഷി വർധിച്ച തോതിൽ കാര്യക്ഷമമാവുന്നു എന്ന് സമൂഹം ഇതിനെ നിർവചിക്കുമ്പോൾ (കാഴ്ചയില്ലാത്തവർക്ക് കേൾവിശക്തി കൂടുതലാണ് എന്നിങ്ങനെ) സാധാരണ വ്യക്തിചെയ്യുന്ന ഏതെങ്കിലും ഒരു പ്രവൃത്തി വ്യത്യസ്ത രീതിയിൽ ചെയ്യുന്നതിനുള്ള കഴിവാണ് (കാഴ്ചയുള്ള ഒരു വ്യക്തി സ്ക്രീനിൽ നോക്കി കംപ്യൂട്ടർ പ്രവർത്തിപ്പിക്കുമ്പോൾ, കാഴ്ചയില്ലാത്ത വ്യക്തി ശബ്ദത്തിന്റെ അഥവാ ഒരു സ്ക്രീൻ റീഡറിന്റെ സഹായത്തോടെ കംപ്യൂട്ടർ ഉപയോഗിക്കുന്നത്) വിഭിന്നശേഷി എന്നത് സമൂഹം തിരിച്ചറിയാതെ പോകുന്നു.

വിഭിന്ന ശേഷിയുള്ളവരുടെ അവകാശങ്ങളെ സംബന്ധിക്കുന്ന ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപനങ്ങൾ നിലവിൽവന്നിട്ടും, ഇത്തരക്കാരോടുള്ള ഭരണകൂടത്തിന്റെയും സാമൂഹിക സ്ഥാപനങ്ങളുടെയും മനോഭാവത്തിൽ വലിയ മാറ്റമൊന്നും വന്നിട്ടില്ല. നിയമംമൂലം ഒട്ടേറെ സംവിധാനങ്ങൾ വിഭിന്നശേഷിയുള്ളവർക്ക് ഉറപ്പു നൽകുന്നുണ്ടെങ്കിലും നടപ്പാക്കേണ്ട ഉദ്യോഗസ്ഥരുടെ അജ്ഞതകൊണ്ട് അർഹമായ പല അവകാശങ്ങളും ഗുണഭോക്താക്കൾക്ക് നിഷേധിക്കപ്പെടുന്നു. പരീക്ഷാസഹായിയുടെ സേവനം, എടിഎമ്മുകൾ, ചെക്ക് ബുക്കുകൾ എന്നിങ്ങനെ പട്ടിക നീളുന്നു. വിഭിന്നശേഷിയുള്ളവർക്കുവേണ്ടി നടത്തുന്ന എല്ലാ വികസന പ്രവർത്തനങ്ങളെയും ഇത്തരക്കാർക്കുവേണ്ടി പൊതുസമൂഹം ചെയ്തുകൊടുക്കുന്ന ഔദാര്യമായോ ആനുകൂല്യമായോ ആണ് നാമിന്ന് വീക്ഷിക്കുന്നത്. മറിച്ച്, ഈ സമൂഹത്തിലുള്ള ഏതൊരു വ്യക്തിയും ജീവിതത്തിലേതു നിമിഷവും ഏതെങ്കിലുമൊരു വൈകല്യത്തിന്റെ ഇരകളായിത്തീരാം എന്ന സാധ്യത പരിഗണിച്ച് സമൂഹത്തിന്റെ ഒരു മുന്നൊരുക്കമായാണ് വികസന ക്ഷേമ പദ്ധതികൾ രൂപകൽപ്പന ചെയ്യേണ്ടത്. അതുകൊണ്ടുതന്നെ, ഇത്തരത്തിൽ നടത്തുന്ന ഇടപെടലുകൾ ഒരു പ്രത്യേകവിഭാഗത്തിനുവേണ്ടിയുള്ള ഒന്നെന്നതിനു പകരം പൊതുസമൂഹത്തിന് അത്യന്താപേക്ഷിതമായ ഒന്നായി കാണേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഒരോർമപ്പെടുത്തലാകട്ടെ ഈ വെള്ളവടി സുരക്ഷാദിനത്തിന് നമ്മോടു സംവദിക്കാനുള്ളത്.

# 'വിതക്കുന്നവൻെറ ഉപമ' പറയുന്നത്

**ഹബീബ്. സി**

ഏതെങ്കിലും ഒരു കലാരൂപം ആസ്വദിച്ച ശേഷം അത് മുന്നോട്ടുവെക്കുന്ന വ്യത്യസ്തമാർന്ന പ്രമേയത്തിന് ആസ്വാദകരെ അൽപമെങ്കിലും അലോസരപ്പെടുത്താൽ സാധിക്കുകയോ അത് അവരെ ചിലപ്പോഴെങ്കിലും ആശങ്കാകുലരാക്കുകയോ ചെയ്യുന്നപക്ഷം അതൊരു മികച്ച കലാരൂപമാണെന്ന അർഥത്തിൽ വിലയിരുത്താമെന്നാണ് ബെർതോൾഡ് ബ്രെഹ്തിനെപ്പോലുള്ള സൈദ്ധാന്തികർ അഭിപ്രായപ്പെടുന്നത്. ഈ അർഥത്തിൽവേണം ഈ വർഷത്തെ റേഡിയോ നാടകോത്സവത്തിൻെറ രണ്ടാംദിനം ആകാശവാണി കണ്ണൂർ നിലയം അവതരിപ്പിച്ച 'വിതക്കുന്നവൻെറ ഉപമ' എന്ന നാടകത്തെ നാം വായിക്കാൻ.

പ്രമേയപരവും സങ്കേതപരവുമായ ഒട്ടേറെ പ്രത്യേകതകൾകൊണ്ടും റേഡിയോ നാടകങ്ങളുടെ വൈവിധ്യംകൊണ്ടും മുമ്പുതന്നെ ശ്രദ്ധേയനായ കെ.വി. ശരത്ചന്ദ്രനാണ് ഈ നാടകത്തിൻെറ രചനയും സംവിധാനവും നിർവഹിച്ചത്. എന്നാൽ, മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒട്ടേറെ പുതുമകൾ ഇക്കുറി അദ്ദേഹത്തിന് അനുഭവവേദ്യമാക്കാൻ കഴിഞ്ഞു. വ്യത്യസ്തമായ ആറു കഥാപാത്രങ്ങളെ ഒരു നടനെക്കൊണ്ട് ചെയ്യിപ്പിക്കുന്നതിനുള്ള മികവാണ് ഇതിലേറ്റവും ശ്രദ്ധേയം. ജോബ്, ഇച്ചായൻ, ഗോപാലേട്ടൻ, ഉടുമ്പ് വാസു, ജയ്‌ലർ, പുരോഹിതൻ എന്നീ ആറു കഥാപാത്രങ്ങളെയും ഒന്നിനൊന്ന് മെച്ചപ്പെട്ട രീതിയിൽ അനശ്വരമാക്കിയത് പ്രശസ്ത സിനിമാനടൻ സിദ്ദീഖ് ആണ്. സൂക്ഷ്മം ശബ്ദം ശ്രവിക്കുന്നവർക്കുപോലും തിരിച്ചറിയാനിടം നൽകാത്തവിധം ഭാവാഭിനയത്തിൻെറ വിവിധമുഖങ്ങൾ അഭിനയിച്ചു ഫലിപ്പിച്ച് ആസ്വാദനക്ഷമതയുടെ ഒരു നവാനുഭവം തീർക്കുന്നതിന് സിദ്ദീഖിന് സാധിച്ചു. ഓരോ കഥാപാത്രത്തെയും അതർഹിക്കുന്ന പ്രാധാന്യം ഉൾക്കൊണ്ട് വ്യത്യസ്തവും യാഥാർഥ്യവുമായ അഭിനയചാതുരി സിദ്ദീഖ് പ്രകടിപ്പിക്കുന്നു.

സങ്കേതത്തെപ്പോലെ പ്രമേയവും ഈ



സിദ്ദീഖ്

നാടകത്തിൽ ശ്രദ്ധേയമാണ്. വ്യത്യസ്ത സാഹചര്യങ്ങളിൽ കൊലപാതകികളായി മാറുന്ന രണ്ടുപേർ ഒരു ജയിൽമുറിയിൽ കണ്ടുമുട്ടുന്നതാണ് മുഖ്യപ്രമേയം. അതിലൊന്ന്, ലഹരിയുടെ ഭ്രാന്തിൽപെട്ട് പണത്തിനുവേണ്ടി സ്വന്തം അമ്മയെത്തന്നെ കൊന്നുകളയുന്ന, ശപിക്കപ്പെട്ട വിധിയുടെ ഉടമയായ ജോബ് ആണെങ്കിൽ മറ്റൊന്ന് സ്വന്തം കാർഷിക സംസ്കാരത്തിൻെറ ഭാഗമായിനിന്ന് അതിനെ പഠിച്ച്, വൈദേശിക സംസ്കാരത്തിന് ഒറ്റുകൊടുത്ത്, അന്തകവിത്തുകളുടെ വ്യാപനത്തിനായി ഏതു ഒറ്റുകൊടുക്കലിനും തന്നെ നിർബന്ധി



കെ.വി. ശരത്ചന്ദ്രൻ

ക്കുന്ന തൻെറ സുഹൃത്തിൻെറ മകനെ ബോധപൂർവം നിഷ്കാസനംചെയ്യുന്ന കർഷകനും സ്വദേശിയും മണ്ണിൻെറ മണമുള്ളവനുമായ ഗോപാലേട്ടനുമാണ്. ഇടതുപക്ഷംപോലും വലതുപക്ഷമാകുന്ന ഒരുകാലത്ത്, നഷ്ടപ്പെട്ടുപോകുന്ന മൂല്യങ്ങളെ, മണ്ണിനെ, വെള്ളത്തിനെ ഇങ്ങനെ പലതിനെക്കുറിച്ചും നമ്മെ ഓർമിപ്പിക്കുന്നതോടൊപ്പം നാമെത്തിനിൽക്കുന്ന ഭീകരമായ നിസ്സഹായതയെയും നമ്മുടെ പൊതുവിലുള്ള നിസ്സംഗതയെയും കുറിച്ച് നമ്മെ ഓർമിപ്പിക്കുകവഴി അനിർവചനീയമായ ഒരു ആകാംക്ഷയിലേക്ക് ആസ്വാദകരെ തള്ളിവിട്ടാണ് നാടകം അവസാനിക്കുന്നത്. ആയിരക്കണക്കിന് പ്രസംഗങ്ങളിലൂടെ ഒരാൾക്ക് ഒരു ജനസമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിയാത്ത ഒന്ന് ഗോപാലേട്ടൻെറ അഞ്ചോ ആറോ സംഭാഷണശകലങ്ങൾക്കു കഴിഞ്ഞുവെന്നത് ഈ നാടകത്തെക്കുറിച്ചുയർന്നുവന്ന ചർച്ചകളും പ്രതികരണങ്ങളും വ്യക്തമാക്കുന്നു. ഈ അർഥത്തിൽ കാലാകാലങ്ങളിൽ ചെയ്തുവരുന്ന ഉപചാപക കർമമായ നാടകോത്സവത്തിലെ ഒരു നാടകമെന്നതിലുപരി തങ്ങൾക്ക് മണ്ണിനോടും മൂല്യങ്ങളോടുമുള്ള കൂറ് വെളിവാക്കുന്നതിനായി കിട്ടിയ ഈ അവസരത്തെ ബോധപൂർവം പ്രയോഗിക്കുന്നതിന് ശരതും സിദ്ദീഖും ശ്രമിക്കുന്നു എന്നത് സാഹിത്യത്തിൻെറ സാമൂഹിക ചുമതലകളെക്കുറിച്ച് നമ്മുടെ തലമുറ മറന്നിട്ടില്ല എന്നത് വ്യക്തമാക്കുന്നു.


ഡബിൾഹോഴ്സ്
വറുത്ത റവ
നന്മ നിറഞ്ഞ കരിക്കു!
https://www.facebook.com/DoubleHorse.Manjilas
MANJILAS GROUP OF COMPANIES Thrissur - 680 005, Kerala.
Phone: +91 487 2428125, 2420895, Fax: 2440113
www.manjilas.com


# ആദിവാസികൾ വംശനാശത്തിലേക്ക്

ഡോ. അസീസ് തരുവണ

കേരളത്തിലെ ആദിവാസികൾ ഇനി എത്രകാലം നമുക്കിടയിലുണ്ടാവും എന്ന ചോദ്യം നാൾക്കുനാൾ പ്രസക്തമാവുകയാണ്. പട്ടിണിയും മാറാരോഗങ്ങളും ആസൂത്രിതമായ വന്ധ്യംകരണവുമടക്കമുള്ള നിരവധി നീറുന്ന പ്രശ്നങ്ങളാൽ കേരളത്തിലെ പ്രബല ആദിവാസിവിഭാഗങ്ങൾ അതിവേഗം 'വംശനാശ'ത്തിന് വിധേയമാവുകയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പുനഃസൃഷ്ടിക്കാനാവാത്തവിധം ചില ജീവിവർഗങ്ങൾ വംശനാശമടയുന്നതുപോലെ ചില ആദിവാസി വിഭാഗങ്ങൾ ഇതിനകം അപ്രത്യക്ഷമായിക്കഴിഞ്ഞു. അടുത്ത ഏതാനും വർഷങ്ങൾക്കകം മറ്റു ചില വിഭാഗങ്ങൾകൂടി ഇല്ലാതാകാൻ പോവുകയാണ്.

ആദിവാസി വിഭാഗങ്ങളോട് മുഖ്യധാരാ സമൂഹം പുലർത്തുന്ന സമീപനങ്ങളിൽ മാറ്റമുണ്ടാവാതിരിക്കുകയും അതിന്റെ വൈവിധ്യങ്ങളോടുള്ള ജീവിതരീതികളിൽനിന്ന് ആദിവാസികളിലെ ചില വിഭാഗങ്ങളെങ്കിലും വിട്ടുനിൽക്കുകയും ചെയ്യുന്നില്ലെങ്കിൽ അടുത്ത ഏതാനും വർഷങ്ങൾക്കകം പല വിഭാഗങ്ങളും ഓർമകൾ മാത്രമാവും.

മുഖ്യധാരാ സമൂഹങ്ങളിലെ ജനസംഖ്യ ഓരോ ജനസംഖ്യാ കണക്കെടുപ്പിലും ക്രമാതീതമായി വർധിക്കുമ്പോൾ ആദിവാസികളിലെ അംഗസംഖ്യ ആനുപാതികമായി വർധിക്കുന്നില്ലെന്നു മാത്രമല്ല, കുറയുകയാണ് ചെയ്യുന്നത്. ഏറ്റവും ഒടുവിലെ കണക്കുകൾപ്രകാരം കൊണ്ടകപ്പൂസ്, കൊച്ചുവേലൻ, കമ്മാര, അരണ്ടൻ, മഹാമലസർ, മലക്കുറവൻ, മലയർ, പള്ളിയാർ എന്നീ വിഭാഗങ്ങൾ വംശനാശത്തിന്റെ വക്കിലാണ്. കൊണ്ടകപ്പൂസ് ആദിവാസി വിഭാഗത്തിൽ ഇനി ബാക്കിയുള്ളത് അഞ്ചു പേരാണ്, ഒരു പുരുഷനും നാലു സ്ത്രീകളും. പത്തനംതിട്ട ജില്ലയിൽ മാത്രമുള്ള കൊച്ചുവേലൻ സമുദായത്തിൽ 36 പേരാണ് ഇനി അവശേഷിക്കുന്നത്: 18 ആണും 18 പെണ്ണും. തമിഴ്നാട് അതിർത്തിയോട് ചേർന്ന വനപ്രദേശങ്ങളിൽ വസിക്കുന്ന കമ്മാര വിഭാഗത്തിലും 36 പേർ തന്നെയാണ് ബാക്കിയുള്ളത്. പാലക്കാട് ജില്ലയിലെ മഹാമലസർ വിഭാഗത്തിലും 38 പേരായി ജനസംഖ്യ ചുരുങ്ങിയിരിക്കുന്നു.

ആയിരത്തിൽ ചുവടെ ജനസംഖ്യയുള്ള വിഭാഗങ്ങൾ കാസർകോട് ജില്ലയിലെ കുടിയ-മേലക്കുടി വിഭാഗത്തിന്റെ ജനസംഖ്യ 251 ആണ്. പത്തനംതിട്ട, കൊല്ലം ജില്ലകളിലെ മലക്കുറവരുടെ സംഖ്യ 547ഉം. ഇടുക്കി ജില്ലയിലെ പളിയ വിഭാഗത്തിൽ ഇനി 236 പേരാണുള്ളത്. പള്ളിയാർ സമുദായത്തിൽ 65 പേരും. കൊറഗ, കുറുമ്പാസ്, മലസർ, പള്ളിയർ തുടങ്ങിയ വിഭാഗങ്ങളുടെ അംഗസംഖ്യ 2000ത്തിൽ ചുവടെയാണ്. ഇരവാല്ലൻ, ഹിൽപുലയ, കാടർ, മലപ്പണ്ടാരം തുടങ്ങിയ വിഭാഗങ്ങളുടെ ജനസംഖ്യ 4000ത്തിൽ ചുവടെയാണ്.

തെറ്റായ വികസനപ്രവർത്തനങ്ങളുടെയും ഉൾക്കാഴ്ചയില്ലാത്ത പദ്ധതികളുടെയും ഇരകളാണിന്ന് ആദിവാസികൾ. അട്ടപ്പാടി ഇതിന് മികച്ച തെളിവാണ്. ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ 219 കോടി രൂപയും കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ നിരവധി കോടികളും ചെലവാക്കിയ അട്ടപ്പാടിയിൽനിന്ന് പട്ടിണിമരണങ്ങളുടെ ഞെട്ടിക്കുന്ന കണക്കുകളാണ് ദിനംപ്രതി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. 'അഹാഡ്സി'ന്റെ പദ്ധതി കാലയളവിൽ അട്ടപ്പാടിയിലെ ആദിവാസി ജനസംഖ്യ പോലും ക്രമാതീതമായി കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. 1946കളിൽ അട്ടപ്പാടി പൂർണമായും ആദിവാസി അധിവാസ പ്രദേശമായിരുന്നു. മദ്രാസ് റവന്യൂ ബോർഡ് 1947ൽ നടത്തിയ സർവേയിൽ അട്ടപ്പാടിയിലെ ആദിവാസി ജനസംഖ്യ 10,000ഉം അല്ലാത്തവരുടെ സംഖ്യ 200ൽ ചുവടെയുമായിരുന്നു. ഏറ്റവും ഒടുവിലെ കണക്കുകൾപ്രകാരം ആദിവാസി ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 39 ശതമാനമായി കുറഞ്ഞിരിക്കുകയാണ്.

ആദിവാസി അധിവാസ മേഖലയായ വയനാടിന്റെ അവസ്ഥയും ഭിന്നമല്ല. ആദിവാസി അധിവാസ മേഖലകൾ ഇതര വിഭാഗങ്ങൾ കൈയേറിയതിന്റെ ഞെട്ടിക്കുന്ന കണക്കുകളാണ് വയനാട്ടിലെ ആദിവാസികൾക്ക് പറയാനുള്ളത്. വയനാട് ജില്ലയിലെ 26 പഞ്ചായത്തുകളിൽ കോട്ടത്തറ, നൂൽപുഴ, തിരുനെല്ലി ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് ആദിവാസി ജനസംഖ്യ ശരിയായ അനുപാതത്തിൽ നിലനിൽക്കുന്നത്. ഒരുകാലത്ത് ആദിവാസി ജില്ലയായിരുന്ന വയനാട്ടിൽ ഇപ്പോൾ അവർ ന്യൂനപക്ഷവും കുടിയേറ്റക്കാർ ഭൂരിപക്ഷവുമാണ്. ആദിവാസി അധിവാസ പ്രദേശങ്ങളുടെയെല്ലാം വർത്തമാന അവസ്ഥ ഇതുതന്നെയാണ്.

ആദിവാസി ആവാസസ്ഥലങ്ങളിലേക്ക് കുടിയേറ്റവും കൈയേറ്റവുമുണ്ടാകുമ്പോൾ അവർ മറ്റൊരിടങ്ങളിൽ പലായനം ചെയ്തിരിക്കാം എന്ന നിഗമനങ്ങൾ അസ്ഥാനത്താണ്. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ ഒരിടത്ത് ജനസംഖ്യയിൽ കുറവ് സംഭവിക്കുമ്പോൾ മറ്റൊരിടത്ത് വർധിക്കേണ്ടതാണ്. അങ്ങനെ സംഭവിച്ചതിനും തെളിവുകളില്ല.

**ഇന്നും നമ്മുടെ പൊതുസമൂഹത്തിൽ സമ്പൂർണ പൗരത്വം കിട്ടാത്തവരാണ് ആദിവാസികൾ. നാലുലക്ഷത്തിൽ ചുവടെ ജനസംഖ്യയുള്ള 36 വിഭാഗങ്ങളായി ചിതറിക്കിടക്കുന്ന നിരക്ഷരരും പട്ടിണിപ്പാവങ്ങളുമായ ഈ ജനത ഒരു വോട്ടുബാങ്കല്ലാത്തതിനാൽ നമ്മുടെ രാഷ്ട്രീയ പാർട്ടികളുടെ മുഖ്യ അജണ്ടപോലുമല്ല. അതേസമയം, അവർക്കുവേണ്ടി ഒഴുക്കിയ അനേകായിരം കോടികൾകൊണ്ട് വികസിച്ചത് ഉദ്യോഗസ്ഥ ബ്യൂറോക്രസിയും രാഷ്ട്രീയപാർട്ടികളുമാണ്.**

ആദിവാസി വിഭാഗങ്ങളുടെ അപ്രത്യക്ഷമാവൽ ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. സ്വാതന്ത്ര്യാനന്തരം നടത്തിയ സെൻസസുകളിലെ ആദിവാസികളുടെ കണക്കുകൾ പരിശോധിച്ചാൽ ഓരോ 10 വർഷത്തിനുശേഷവും ചില വിഭാഗങ്ങൾ പട്ടികയിൽനിന്ന് മാഞ്ഞുപോയതായി കാണാം. 1961ലെ ജനസംഖ്യാ കണക്കെടുപ്പിൽ ഉണ്ടായിരുന്ന മലയകണ്ടി, വിഷവർ എന്നീ സമുദായങ്ങളിൽ പെട്ടവരെ 1971ലെ കണക്കെടുപ്പിൽ ഒരാളെയും കണ്ടെത്താനായില്ല. ജനസംഖ്യാ കണക്കെടുപ്പ് എന്നൊരു സംവിധാനമില്ലായിരുന്നെങ്കിൽ ഇങ്ങനെയൊരു സമൂഹം കുറ്റിയറ്റുപോയതുപോലും നാമറിയുമായിരുന്നില്ല. കൊണ്ടകപ്പൂസ്, കൊച്ചുവേലൻ, കമ്മാര തുടങ്ങിയ വിഭാഗങ്ങളുടെ അവസ്ഥയും ഇതുതന്നെയാകുമായിരുന്നു.

ആവാസവ്യവസ്ഥയിൽനിന്നുള്ള പുറത്താക്കലും പട്ടിണിയും മാറാരോഗങ്ങളും ഒറ്റയടിക്ക് പ്രശ്നങ്ങളായി പറയുന്ന രീതിയുണ്ട്. അതേസമയം, ആസൂത്രിതമായി നടത്തിയ വംശഹത്യാ ശ്രമങ്ങൾ ഏറെയൊന്നും ചർച്ചചെയ്യാറില്ല. അടിയന്തരാവസ്ഥക്കാലത്ത് നടത്തിയ നിർബന്ധിത വന്ധ്യംകരണത്തിന് കേരളത്തിൽ ഏറ്റവും കൂടുതൽ വിധേയമായത് ആദിവാസികളാണ്. പല ആദിവാസി വിഭാഗങ്ങളിലും പുരുഷന്മാരിൽ നടത്തിയ വന്ധ്യംകരണത്തിന്റെ കണക്കുകൾ ഞെട്ടിക്കുന്നതാണ്. നാനൂറിൽ ചുവടെ അംഗസംഖ്യയുള്ള നിലമ്പൂർ കാടുകളിലെ പ്രാക്തന ആദിവാസി വിഭാഗമായ ചോലനായ്ക്കർ ഇതിന് തെളിവാണ്. ചോലനായ്ക്കരിലെ പുരുഷന്മാരാണ് വന്ധ്യംകരണത്തിന് വിധേയമായത്. അവർക്ക് കിട്ടിയതാവട്ടെ, 100 രൂപയും ബക്കറ്റും. തങ്ങളെ എന്താണ് ചെയ്തത് എന്നുപോലും അവർക്കറിയില്ല!

യൂനിസെഫ് മുമ്പ് കേരളത്തിലെ ആദിവാസികളിൽ നടപ്പാക്കിയ ആരോഗ്യ പദ്ധതികളും അവരെ വന്ധ്യംകരിക്കുന്നതിലാണ് ഊന്നിയതെന്ന വിമർശമുണ്ട്. വാജ്പേയിയുടെ ഭരണകാലത്തും കേരളത്തിൽ ആദിവാസി മേഖലയിൽ വൻതോതിൽ വന്ധ്യംകരണം നടക്കുകയുണ്ടായി. ആദിവാസികളുടെ വംശനാശത്തിന് ആക്കംകൂട്ടുന്നതിൽ ഇവ വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്.

അധിവാസ കേന്ദ്രങ്ങളിൽനിന്നുള്ള നിഷ്കാസനത്തോടെ മാറാരോഗങ്ങൾ അവരെ പിടികൂടിയതായി പഠനങ്ങൾ തെളിയിക്കുന്നു. പാരമ്പര്യമായി ഉപയോഗിച്ചിരുന്ന പച്ചമരുന്നുകൾ അന്യമായതും പൊതു ആരോഗ്യകേന്ദ്രങ്ങളുടെ അഭാവവും അവരെ അകാലമരണങ്ങളിലേക്ക് നയിച്ച ഘടകങ്ങളാണ്. 1994ൽ നിയമസഭയുടെ പട്ടികജാതി-വർഗ ക്ഷേമസമിതി ആദിവാസികളുടെ സ്ഥിതിഗതികൾ അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ ഈ കാര്യം എടുത്തുപറയുന്നുണ്ട്.

ആദിമ-ഗോത്ര ജനതകളെ സംബന്ധിക്കുന്ന 1957ലെ 107ാം നമ്പർ ഐ.എൽ.ഒ കൺവെൻഷനിൽ ഒപ്പുവെച്ച രാജ്യമാണ് ഇന്ത്യ. അതിനാൽ ആദിവാസികളുടെ ജീവനും സ്വത്തും ആവാസവ്യവസ്ഥയും സംരക്ഷിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. പ്രാക്തന ഗോത്രവിഭാഗങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട യുനെസ്കോയുടെ നിർദേശങ്ങൾ അനവധിയാണ്. അവ പാലിക്കുന്നില്ലെന്നു മാത്രമല്ല, അത്തരം വിഭാഗങ്ങൾക്കിടയിൽ വന്ധ്യംകരണമടക്കമുള്ള വംശഹത്യാ പ്രവർത്തനങ്ങളാണ് മാറിമാറി വന്ന ഭരണകൂടങ്ങൾ ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും.

സത്യത്തിൽ, ഇന്നും നമ്മുടെ പൊതുസമൂഹത്തിൽ സമ്പൂർണ പൗരത്വം കിട്ടാത്തവരാണ് ആദിവാസികൾ. നാലുലക്ഷത്തിൽ ചുവടെ ജനസംഖ്യയുള്ള 36 വിഭാഗങ്ങളായി ചിതറിക്കിടക്കുന്ന നിരക്ഷരരും പട്ടിണിപ്പാവങ്ങളുമായ ഈ ജനത ഒരു വോട്ടുബാങ്കല്ലാത്തതിനാൽ നമ്മുടെ രാഷ്ട്രീയ പാർട്ടികളുടെ മുഖ്യ അജണ്ടപോലുമല്ല. അതേസമയം, അവർക്കുവേണ്ടി ഒഴുക്കിയ അനേകായിരം കോടികൾകൊണ്ട് വികസിച്ചത് ഉദ്യോഗസ്ഥ ബ്യൂറോക്രസിയും രാഷ്ട്രീയപാർട്ടികളുമാണ്. പട്ടിണിമരണങ്ങൾ ഉണ്ടാകുമ്പോൾ കേന്ദ്ര-സംസ്ഥാന മന്ത്രിമാർ ഓടിയെത്തുന്നതുപോലും സൂക്ഷ്മമായി നോക്കിയാൽ തങ്ങളുടെ കറവപ്പശുക്കൾക്ക് എന്ത് സംഭവിക്കുന്നു എന്നറിയാനുള്ള വെമ്പലാണ്. സി.കെ. ജാനു മുമ്പൊരിക്കൽ പറഞ്ഞതുപോലെ സ്വാതന്ത്ര്യാനന്തരം ആദിവാസികൾക്കുവേണ്ടി ഒഴുക്കിയ കോടികൾ അവരിലേക്ക് എത്തിയിരുന്നെങ്കിൽ കേരളത്തിലെ ആദിവാസികൾ കോടീശ്വരന്മാരാകുമായിരുന്നു.

മന്ത്രിമാർ പട്ടിണിമരണങ്ങളുടെ ശ്മശാനഭൂമിയായി മാറിയ അട്ടപ്പാടിയിലേക്ക് പോകുന്നതിനുമുമ്പ് കഴിഞ്ഞ വർഷത്തിനിടയിൽ അവിടെ ചെലവിട്ട കോടികൾ എത്രയെന്നും അവ ആദിവാസി ജീവിതത്തെ എത്രമാത്രം ബാധിക്കുകയും നിർജീവമാക്കുകയും ചെയ്തെന്നും പഠിക്കേണ്ടതുണ്ട്, ആദിവാസിയെ അറിയാത്തവർ നിർമിച്ച പദ്ധതികൾ ആരുടെ വികസനത്തിനാണ് ഉപകരിച്ചതെന്നും.

*(കോഴിക്കോട് ഫാറൂഖ് കോളജ് മലയാളം വിഭാഗം അസി. പ്രഫസറാണ് ലേഖക*

8-9-2013 (മാധ്യമം)

# ഗാഡ്ഗിൽ റിപ്പോർട്ടും വയനാടിന്റെ ഭാവിയും

ഡോ. അസീസ് തരുവണ

വയനാടിപ്പോൾ ചുട്ടുപൊള്ളുകയാണ്. ഒന്ന് കാൽവിരലൂന്നിയാൽ വെള്ളം കിനിഞ്ഞിരുന്ന വയനാട്ടിലിപ്പോൾ കർക്കടകത്തിൽപോലും കുടിവെള്ളക്ഷാമമാണ്. ഈ പോക്കുപോയാൽ വയനാട് അതിവേഗം മരുഭൂമിയായി മാറാനും വൻ പ്രകൃതിദുരന്തങ്ങൾക്ക് സാക്ഷ്യം വഹിക്കാനും ഏറെക്കാലം വേണ്ടിവരില്ല. വയനാടിന്റെ പാരിസ്ഥിതികമായ മരണം വയനാടിനെ മാത്രം ബാധിക്കുന്ന പ്രശ്നമായിരിക്കില്ല; മറിച്ച് കേരളത്തിന്റെയും കർണാടകയുടെയും തമിഴ്നാടിന്റെയും ഒട്ടേറെ പ്രദേശങ്ങളെ സർവനാശത്തിലേക്ക് നയിക്കുന്ന വൻദുരന്തമായിരിക്കും. അതിനാൽ, ഗുജറാത്തിലെ തപദി നദിമുതൽ കന്യാകുമാരിവരെയുള്ള പശ്ചിമഘട്ടത്തെ ഒരൊറ്റ ശരീരമായി പരിഗണിച്ച് അതിനേറ്റ പാരിസ്ഥിതിക ആഘാതങ്ങൾ പരിഹരിക്കാനും സംരക്ഷിക്കാനുമുള്ള നടപടികൾ മുന്നോട്ടുവെക്കുന്ന ഗാഡ്ഗിൽ റിപ്പോർട്ട്, വയനാട് അടക്കമുള്ള ദക്ഷിണേന്ത്യൻ വനപ്രദേശങ്ങളുടെ സംരക്ഷണത്തിന്റെ മാഗ്നാകാർട്ടയാണ്. ഈ റിപ്പോർട്ട് അവഗണിച്ചുതള്ളിയാൽ ഒരുപക്ഷേ, അടുത്തൊരു റിപ്പോർട്ട് പഠിച്ചുണ്ടാക്കുമ്പോഴേക്കും നമ്മുടെ കാടും പുഴകളുമൊന്നും ബാക്കിയുണ്ടാവാൻ സാധ്യതയില്ല.

ജയറാം രമേശ് വനം-പരിസ്ഥിതി മന്ത്രിയായിരുന്ന കാലത്താണ് പ്രഫ. മാധവ് ഗാഡ്ഗിൽ അധ്യക്ഷനായ സമിതിയെ പശ്ചിമഘട്ടത്തെപ്പറ്റി പഠിക്കാൻ നിയോഗിച്ചത്. പശ്ചിമഘട്ട മലനിരകളുടെ ഇപ്പോഴത്തെ പാരിസ്ഥിതികാവസ്ഥ വിലയിരുത്തുക, ഈ പ്രദേശത്ത് സംരക്ഷിക്കപ്പെടേണ്ട പാരിസ്ഥിതിക ലോല പ്രദേശങ്ങൾ കണ്ടെത്തുക, പശ്ചിമഘട്ടപ്രദേശത്തിന്റെ സംരക്ഷണത്തിനുവേണ്ടി രൂപവത്കരിക്കേണ്ട പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റിയുടെ പ്രവർത്തന രീതികൾ നിർദേശിക്കുക, ഈ പ്രദേശത്തിന്റെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും പരിഹാരം നിർദേശിക്കുകയും ചെയ്യുക, പശ്ചിമഘട്ട പ്രദേശത്തിന്റെ സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ ഈ പ്രദേശത്തെ ജനങ്ങളും സർക്കാറുകളുമായി സംവദിച്ച് നിർദേശിക്കുക, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ച സ്ഥലങ്ങളുടെ സംരക്ഷണത്തിനായുള്ള നിർദേശങ്ങൾ നൽകുക, അതിരപ്പിള്ളി, ഗുണ്ടിയ എന്നീ ജലവൈദ്യുത പദ്ധതികളെക്കുറിച്ചും ഗോവയിലെ ഖനനത്തെക്കുറിച്ചും സവിശേഷമായി പഠിക്കുകയും എടുക്കേണ്ട നിലപാടുകൾ വ്യക്തമാക്കുകയും ചെയ്യുകതുടങ്ങിയ കാര്യങ്ങളാണ് പതിനാലംഗ വിദഗ്ധ സമിതി പഠനവിധേയമാക്കിയത്. പശ്ചിമഘട്ടത്തെപ്പറ്റി കിട്ടാവുന്നത്ര വിവരങ്ങൾ ശേഖരിച്ചശേഷം ഈ പ്രദേശത്തെ പരിസ്ഥിതി ലോലത ശാസ്ത്രീയമായി അളക്കാനാവശ്യമായ മാനദണ്ഡങ്ങൾ കണ്ടെത്തുകയുണ്ടായി. റിപ്പോർട്ട് തയാറാക്കുന്ന ഘട്ടങ്ങളിലത്രയും മീറ്റിങ്ങുകളുടെ മിനുട്സും പഠനറിപ്പോർട്ടുകളും കമ്മിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിനോട് യോജിക്കാനും വിയോജിക്കാനും പുതിയ നിർദേശങ്ങൾ നൽകാനും ഇതിലൂടെ സമൂഹത്തിലെ വ്യത്യസ്ത തുറകളിൽപെട്ടവർക്ക് കഴിഞ്ഞു. സുതാര്യവും ജനകീയവുമായ രീതിയിലാണ് റിപ്പോർട്ട് തയാറാക്കിയത്. 'കറന്റ് ഡയൽസ്' എന്ന ശാസ്ത്രജേണലിൽ പരിസ്ഥിതിലോല പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള രീതിശാസ്ത്രം ആദ്യമേ പ്രസിദ്ധീകരിക്കുകയും നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു. കൂടാതെ, പഠനവിധേയമാക്കിയ മേഖലകളിലെ സർക്കാർ ഉദ്യോഗസ്ഥർ, പരിസ്ഥിതി പ്രവർത്തകർ, നിയമസഭാ സാമാജികർ, പാർലമെന്റംഗങ്ങൾ, ത്രിതല പഞ്ചായത്തംഗങ്ങൾ എന്നിവരുമായി ചർച്ചചെയ്തും നിർദേശങ്ങൾ സ്വീകരിച്ചുമാണ് റിപ്പോർട്ട് തയാറാക്കിയത്. റിപ്പോർട്ടിനെ അന്തിമ വാക്കായി കണക്കാക്കുന്നില്ല ഗാഡ്ഗിൽ. മറിച്ച് 'അബ്സ്ട്രാക്ട്' എന്നാണ് വിശേഷിപ്പിച്ചത്.

**മനുഷ്യരെയും വളർത്തുമൃഗങ്ങളെയും പിടിച്ചുതിന്നുന്ന കടുവ വയനാട്ടിലുണ്ടായത് കാടുള്ളതുകൊണ്ടാണെന്നും അതിനാൽ മനുഷ്യന്റെ നിലനിൽപിനു ഭീഷണിയായ കാട് നശിപ്പിക്കപ്പെടേണ്ടതാണെന്നുംവരെ പ്രസംഗിച്ച 'നേതാക്കൾ' വയനാട്ടിലുണ്ട്. ഒരു രാഷ്ട്രീയ സംഘടനയുടെ യുവജന വിഭാഗം ഉണങ്ങിയ മുളങ്കാടുകൾക്ക് തീയിട്ടാണ് കടുവസങ്കേതത്തിനെതിരെ പ്രതിഷേധിച്ചത്.**

ആറ് സംസ്ഥാനങ്ങളെ ബാധിക്കുന്നതാണ് റിപ്പോർട്ട്. അത് 25 കോടിയിൽപരം ജനങ്ങൾക്ക് പ്രത്യക്ഷമായും അഞ്ചുകോടി ജനങ്ങൾക്ക് പരോക്ഷമായും നിലനിൽപിനാധാരമായ പശ്ചിമഘട്ട മലനിരകളുടെ ഭാവി നിർണയിക്കുന്നതാണ്. പമ്പ, പെരിയാർ, നിള, ചാലിയാർ, കബനി, കാവേരി, കൃഷ്ണ, ഗോദാവരി തുടങ്ങി ചെറുതും വലുതുമായ നിരവധി പുഴകളുടെ ഉദ്ഭവം ഈ മലനിരകളിൽനിന്നാണ്. പശ്ചിമഘട്ടം നശിച്ചാൽ ഈ പുഴകളെല്ലാം വറ്റും. അതോടെ കൃഷി നശിക്കും. കുടിവെള്ളം കിട്ടാക്കനിയാവും. ഒട്ടേറെ ജീവജാലങ്ങൾ എന്നന്നേക്കുമായി അപ്രത്യക്ഷമാവും. വയനാട് അടക്കമുള്ള പ്രദേശങ്ങളുടെ താപനില അസഹനീയമാവും. വന്യജീവികൾ നാട്ടിലിറങ്ങി വിള നശിപ്പിക്കുക മാത്രമല്ല, മനുഷ്യരെ പിടിച്ചുതിന്നുകയും ചെയ്യും. കടുവവേട്ടക്കാലത്ത് ചില 'മഹാജ്ഞാനി'കളായ രാഷ്ട്രീയ നേതാക്കൾ കവലകൾതോറും പ്രസംഗിച്ചത് വയനാട്ടുകാർക്ക് തോക്ക് നൽകേണ്ടതിനെക്കുറിച്ചാണ്! മനുഷ്യരെയും വളർത്തുമൃഗങ്ങളെയും പിടിച്ചുതിന്നുന്ന കടുവ വയനാട്ടിലുണ്ടായത് കാടുള്ളതുകൊണ്ടാണെന്നും അതിനാൽ മനുഷ്യന്റെ നിലനിൽപിനു ഭീഷണിയായ കാട് നശിപ്പിക്കപ്പെടേണ്ടതാണെന്നുംവരെ പ്രസംഗിച്ച 'നേതാക്കൾ' വയനാട്ടിലുണ്ട്. ഒരു രാഷ്ട്രീയ സംഘടനയുടെ യുവജനവിഭാഗം ഉണങ്ങിയ മുളങ്കാടുകൾക്ക് തീയിട്ട് കടുവസങ്കേതത്തിനെതിരെ പ്രതിഷേധിച്ചു. പ്രതിഷേധകരിൽ ജെ.സി.ബി ഓണേഴ്സ് അസോസിയേഷൻമുതൽ ജനപക്ഷത്തുനിൽക്കുമെന്ന് ആളുകൾ വിശ്വസിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾവരെയുണ്ട്.

പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിച്ചാൽ വയനാടിന്റെ വികസനം മുരടിക്കുമെന്നാണ് വയനാട് സംരക്ഷണ സമിതിയുടെ വാദം. ഏതുതരം വികസനമാണ് അവർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. കാടും മേടും നിറഞ്ഞ, ജില്ലയുടെ 40 ശതമാനവും വനമായ ഈ പ്രദേശത്തിനുവേണ്ടത് പരിസ്ഥിതി സൗഹൃദ വികസനമാണ്. വയനാട് സന്ദർശിക്കുന്ന വിദേശികൾപോലും ആഗ്രഹിക്കുന്നത് മലമുകളിലേക്ക് നോക്കുമ്പോൾ കാണുന്ന പടുകൂറ്റൻ കോൺക്രീറ്റ് റിസോർട്ടുകളല്ല; പച്ചപ്പാണ്.

വയനാടുപോലുള്ള പ്രദേശത്ത് നടപ്പാക്കേണ്ട ഒട്ടേറെ വികസനോന്മുഖമായ നിർദേശങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിലുണ്ട്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവവൈവിധ്യം സംരക്ഷിക്കാനുള്ള നിർദേശങ്ങൾ അതിൽ എടുത്തുപറയേണ്ടതാണ്. കർഷകർക്ക് പരമ്പരാഗതമായ 'സബ്സിഡി' സഹായപദ്ധതികൾക്കു പകരം ഗുണാത്മകമായ പ്രോത്സാഹനം നൽകണമെന്നാണ് മറ്റൊരു നിർദേശം. രാസവളം, രാസകീടനാശിനി, രാസകളനാശിനി എന്നിവ നിശ്ചിത സമയപരിധിക്കകം ഉപേക്ഷിച്ച് പശ്ചിമഘട്ടത്തിലെ കർഷകർ ജൈവകൃഷിയിലേക്ക് മാറണം എന്ന ശിപാർശ റിപ്പോർട്ടിലുണ്ട്. പുഴകളുടെയും കാവുകളുടെയും സംരക്ഷണത്തിന് കർഷകർക്കും സമൂഹത്തിനും പ്രോത്സാഹനം വേണമെന്നതുൾപ്പെടെ മറ്റു നിർദേശങ്ങളും ഗാഡ്ഗിൽ റിപ്പോർട്ടിലുണ്ട്.

മുത്തങ്ങ, തോൽപെട്ടി വന്യജീവി സങ്കേതങ്ങൾക്ക് പത്തു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോണുകളായാൽ ജില്ലയുടെ പകുതി കവരുമെന്നും പ്രദേശവാസികളെ കുടിയൊഴിപ്പിക്കുമെന്നുമാണ് മറ്റൊരു വാദം. ഇതും തെറ്റിദ്ധാരണാജനകമാണ്. റിപ്പോർട്ട് നടപ്പാക്കുമ്പോൾ ഒരാളെയും കുടിയിറക്കണമെന്ന് ഗാഡ്ഗിൽ പറയുന്നില്ല. മഹാരാഷ്ട്രയിലെ പൂണെക്കടുത്തുള്ള പഞ്ചഗണി പ്രദേശത്ത് പാരിസ്ഥിതിക സംവേദക മേഖല സ്ഥാപിച്ചപ്പോൾ ഒരാളെപ്പോലും കുടിയിറക്കാതെ സംരക്ഷിച്ച ചരിത്രം നമ്മുടെ മുമ്പിലുണ്ട്. ഒരു കെട്ടിടം പോലും അവിടെ പൊളിച്ചിരുന്നില്ല. നിലവിലുള്ള വീടുകളെയോ ടൗണുകളെയോ ബാധിക്കാത്തവിധം പരിസ്ഥിതിലോല പ്രദേശങ്ങളെ സംരക്ഷിക്കാൻ സാധിക്കും.

അതേസമയം, കാടുകൾക്ക് നടുവിലും അരികിലും സ്ഥാപിച്ച റിസോർട്ടുകൾ കർശനമായി തടയണം. പശ്ചിമഘട്ട മലനിരകളിൽ 900 റിസോർട്ടുകൾ ഉള്ളതായാണ് കണക്ക്. ഇവ സൃഷ്ടിക്കുന്ന പാരിസ്ഥിതിക-സാംസ്കാരിക-സാമൂഹിക-ഭൂമിശാസ്ത്ര പ്രശ്നങ്ങൾ ഒട്ടേറെയാണ്. ജലസ്രോതസ്സുകളുടെ പ്രഭവകേന്ദ്രങ്ങളിൽ തടയണകൾ കെട്ടി മലമുകളിലെ റിസോർട്ടുകൾ വൻതോതിൽ ജലമൂറ്റിയെടുക്കുന്നതിനാൽ താഴ്വാരങ്ങളിൽ കുടിവെള്ളം മുട്ടുന്ന അവസ്ഥയുണ്ട്. കൃഷിയാവശ്യങ്ങൾക്കുവേണ്ട ജലലഭ്യതയും ഇതുമൂലം തടയപ്പെടുന്നു. റിസോർട്ടുകൾ പുറന്തള്ളുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ താഴ്വാരങ്ങളിലും മറ്റും അടിഞ്ഞുകൂടുന്നത് വൻ പാരിസ്ഥിതിക പ്രശ്നമായിരിക്കുന്നു. വന്യമൃഗങ്ങളുടെ സ്വച്ഛന്ദമായ സഞ്ചാരങ്ങൾക്ക് മാർഗതടസ്സം സൃഷ്ടിക്കുന്നതും റിസോർട്ടുകളിലെ താമസക്കാർ വന്യമൃഗങ്ങളെ പലവിധത്തിൽ ശല്യം ചെയ്യുന്നതും എടുത്തുപറയേണ്ടതാണ്.

വയനാടിനെ പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിച്ചാൽ അത് ബാധിക്കുക റിയൽ എസ്റ്റേറ്റ്-റിസോർട്ട് മാഫിയയെയും അവരുടെ ദല്ലാളന്മാരായ രാഷ്ട്രീയക്കാരെയുമാണ്. കടുവസങ്കേത പ്രഖ്യാപനത്തെ എതിർത്തതും ഇതേ ലോബിയാണ്. സമീപകാലത്തായി, വയനാട്ടിലെ നല്ലൊരു ശതമാനം ഭൂമി ജില്ലക്ക് പുറത്തുള്ള പുത്തൻ പണക്കാരുടെ കൈകളിലാണ്. കടുവയെ പിടിക്കാൻ ഓടിനടന്നവരിൽ ഇവരുടെ സാന്നിധ്യമുണ്ടായിരുന്നു. ഒരു കടുവയെ കൊന്നതോടെ അവരുടെ അരിശവും തീർന്നു!

പരിസ്ഥിതി സംരക്ഷണം മനുഷ്യന്റെയും ഭൂമിയുടെയും നിലനിൽപുമായി ബന്ധപ്പെട്ട വിഷയമാകയാൽ മുഖ്യധാരാ പാർട്ടികൾ സങ്കുചിത താൽപര്യങ്ങൾ കൈവെടിഞ്ഞ് ഒറ്റക്കെട്ടാവേണ്ടതുണ്ട്. കോൺഗ്രസ് സർക്കാറുകൾ കൊണ്ടുവരുന്ന മുഴുവൻ നിയമങ്ങളെയും നയങ്ങളെയും എതിർത്തുതകർക്കണമെന്ന വാശി ഇടതുപാർട്ടികൾ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. 'കാടാണോ പ്രധാനം, മനുഷ്യനാണോ' എന്നൊക്കെയുള്ള വിഡ്ഢിച്ചോദ്യങ്ങൾ അവസാനിപ്പിക്കുകയും പാരിസ്ഥിതിക സംവേദക മേഖലകൾ പ്രഖ്യാപിക്കുമ്പോൾ ഉണ്ടാകാവുന്ന ചെറിയ പ്രശ്നങ്ങൾ പരിസ്ഥിതിയുടെയും ആത്യന്തികമായി മനുഷ്യരുടെയും നിലനിൽപിനുവേണ്ടി സഹിക്കാൻ ജനങ്ങളെ സജ്ജമാക്കുകയുമാണ് രാഷ്ട്രീയ പാർട്ടികളും മറ്റും ചെയ്യേണ്ടത്.

*വാൽക്കഷ്ണം:* മുസ്‌ലിംലീഗ്, പ്രകൃതിസംരക്ഷണം മുഖ്യ അജണ്ടയായി വറ്റിവരണ്ട നിളാനദിയെ സാക്ഷിയാക്കി പ്രഖ്യാപിച്ചതിനാൽ ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കാൻ സമരരംഗത്തുണ്ടാവുമെന്ന് പ്രത്യാശിക്കാം.

ed by T.K. Farook for and on behalf of Ideal Publications Trust, Silver Hills, Kozhikode-12 at Roshni Press, Silver Hills, Kozhikode-12. Editor: O. Abdurahman. Ph: 0495-2731500 (5 Lines) E-Mail: cltdesk@madhyamam.com.
chndesk@madhyamam.com. Thiruvananthapuram Ph: 0471-2548800 (100 Lines) E-Mail: tvmdesk@madhyamam.com. Kannur Ph: 0497-2701707, 2709101, 2701664. E-Mail: knrdesk@madhyamam.com.
2 E-Mail:mlpdesk@madhyamam.com. Bangalore Ph: 080-22861298. Kottayam Ph: 0481-2561071, 2561073 E-Mail: kottayam@madhyamam.com. Thrissur Ph: 0487-2429189 E-Mail: trissur@madhyamam.com

നിലപാട്

# ജോലി തേടുന്ന മലയാളം

**ഡോ. അസീസ് തരുവണ**

‘മലയാളം മുലപ്പാലിന്റെ ഭാഷയാണ്; മാതൃഭാഷയാണ്, സമ്മതിക്കുന്നു. പക്ഷേ, ഐച്ഛിക വിഷയമായി പഠിച്ചാൽഎന്ത് ജോലി സാധ്യതയാണുള്ളത്?’ ഈയിടെ കെ.പി. രാമനുണ്ണി മാതൃഭാഷയുമായി ബന്ധപ്പെട്ട് എഴുതിയ ഒരു ലേഖനം മലയാളം ബി.എ ക്ലാസിൽ ചർച്ചക്ക് വിധേയമാക്കിയപ്പോൾ ഒരു വിദ്യാർഥിനി ചോദിച്ചു. ഒരു യോഗത്തിൽ, വയനാട്, ജില്ലയിലെ ഒരൊറ്റ സർക്കാർ, മാനേജ്മെന്റ് കോളജിലും മലയാളം മെയിൻ ഇല്ലല്ലോ എന്ന ആശങ്ക പങ്കുവെച്ചപ്പോൾ ഒരു ഡിഗ്രി വിദ്യാർഥി രോഷത്തോടെ പറഞ്ഞു: ‘എല്ലാവരും സാറെപ്പോലെ മലയാളം മെയിൻ എടുക്കാം. ജോലി സാധ്യത കൂടി പറഞ്ഞുതന്നാൽമതി’. ഈ ചോദ്യങ്ങളും രോഷപ്രകടനങ്ങളുമെല്ലാം യാഥാർഥ്യബോധമില്ലായ്മയിൽനിന്ന് വരുന്നതാണ് എന്നെഴുതി തള്ളാനാവുമോ? പുതിയ തലമുറയുടെ, പ്രത്യേകിച്ച് ആഗോളീകരണത്തിന്റെ ആരംഭകാലത്ത്, കരിയറിസത്തിന്റെ മടിത്തട്ടിലേക്ക് പിറന്നുവീണ പുതുതലമുറയുടെ ആശങ്കകൾ കാണാതിരിക്കുന്നത് ശരിയാണോ? ഈ തലമുറയെയാണല്ലോ ഇനി നമുക്ക് മലയാളം പഠിപ്പിക്കേണ്ടത്.

എസ്.എസ്.എൽ.സി പരീക്ഷ കഴിയുന്നതിനു മുമ്പേ, പ്ലസ്ടുവിന് ഏതിനു ചേരണം, ഡിഗ്രി ഏതാവണം എന്നൊക്കെ വിശദമായി പഠിക്കുന്നവരാണ് ഇന്നത്തെ തലമുറ. ഏപ്രിൽ ആരംഭിച്ചതോടെ കരിയർ കൗൺസലിങ് സെന്ററുകളിൽ ഇത്തരം കാര്യങ്ങൾ അന്വേഷിക്കുന്നവരുടെ വൻ തിരക്കാണ്. കേരളത്തിലങ്ങോളമിങ്ങോളം കരിയർ കൗൺസലിങ് ക്യാമ്പുകൾ നടക്കുന്ന കാലം കൂടിയാണിത്. വിദ്യാർഥികളുടെ ആറ്റിറ്റ്യൂഡും ആപ്റ്റിറ്റ്യൂഡും നിർണയിച്ച് അനുയോജ്യമായ കോഴ്സുകൾ പറഞ്ഞുകൊടുക്കുകയാണ് ഇത്തരം ക്യാമ്പുകളിൽ ചെയ്യുന്നത്.

പൊതുവെ, ഇത്തരം കൗൺസലിങ്ങിന് വരുന്ന രക്ഷിതാക്കൾക്കും കുട്ടികൾക്കുമറിയേണ്ടത്, ഭാവിയിൽ ഏത് കോഴ്സിനാണ് കൂടുതൽ ജോലി സാധ്യത എന്നാണ്. എല്ലാ രക്ഷിതാക്കളും ആഗ്രഹിക്കുന്നത് തന്റെ കുട്ടിയെ വൻ ശമ്പളം ലഭിക്കുന്ന ജോലിക്കു വേണ്ടി പഠിപ്പിക്കണമെന്നാണ്. ‘മക്കളെ ഭാവിയിൽ പണം കായ്ക്കുന്ന മരമാക്കിമാറ്റുന്നവർ’ എന്നൊക്കെ നമുക്കവരെ വേണമെങ്കിൽ പരിഹസിക്കാം എന്നുമാത്രം.

മലയാള ഭാഷ മരിക്കാതിരിക്കണമെങ്കിൽ മലയാളം പഠിക്കുന്നവരുണ്ടാകണമെന്നും ഭാഷയിൽ വ്യുൽപത്തി നേടിയവർ ഉണ്ടാകണമെന്നും മറ്റും നമുക്ക് വാദിക്കാം. മലയാളം ഐച്ഛിക വിഷയമായി എടുത്തവരുടെ ബി.എ ക്ലാസിൽ, അതും നല്ല വായനക്കാരായ കുട്ടികളുള്ള ക്ലാസിൽ, മലയാള ഭാഷ മരിക്കാതിരിക്കാൻ മലയാള പ്രഫസർമാർ ആവർത്തിക്കുന്ന കാൽപനിക സ്വപ്നങ്ങൾ നിരത്തിയപ്പോൾ അവർ തിരിച്ച് ചില ചോദ്യങ്ങൾ ചോദിച്ചു; ഒന്ന്, മാതൃഭാഷയിൽ വ്യുൽപത്തി നേടാൻ മലയാളം ഐച്ഛികമായി പഠിക്കേണ്ടതുണ്ടോ? വായനയിലൂടെ ഭാഷയിൽ അറിവും കഴിവും വളർത്തുക സാധ്യമല്ലേ? ബഷീറും എം.ടിയും അയ്യപ്പപ്പണിക്കരും സച്ചിദാനന്ദനും ചുള്ളിക്കാടും എഴുത്തുകാരനായ മലയാള സർവകലാശാല വി.സി കെ. ജയകുമാറും മലയാളത്തിനു വേണ്ടി മരണം വരെ നിരാഹാരം കിടക്കാൻ തയാറായ എഴുത്തുകാരൻ കെ.പി. രാമനുണ്ണിയുമൊന്നും മലയാളം എം.എക്കാരല്ലല്ലോ. എന്നിട്ടും മലയാളത്തിലെ ശ്രദ്ധേയരായ എഴുത്തുകാരായി അവർ മാറിയില്ലേ?

രണ്ട്, മലയാള ഭാഷാ സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് കേരളത്തിൽ എന്ത് ജോലി സാധ്യതയാണുള്ളത്? കേരളത്തിൽ ഉന്നത ജോലിക്കാവശ്യമായ പരീക്ഷകൾ പോലും ഇംഗ്ലീഷിലല്ലേ? ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചവരെക്കാൾ ഇംഗ്ലീഷ് രണ്ടാം ഭാഷയായി സ്കൂൾ തലത്തിലും മറ്റും പഠിച്ചവർക്ക് ശോഭിക്കാൻ കഴിയുമെന്നൊക്കെ പറയുന്നത് പൂർണമായും ശരിയാണോ? ലോകം ഉള്ളംകൈയിലെ നെല്ലിക്ക പോലെ ചെറുതായ ഈ കാലത്ത് നമുക്ക് കേരളത്തിലെ ജോലി സാധ്യതകൾ മാത്രം മതി എന്ന അവസ്ഥയിലേക്ക് ചുരുങ്ങേണ്ടതുണ്ടോ? വിദേശ രാജ്യങ്ങളിലേക്ക് ജോലി തേടിപ്പോകുമ്പോൾ മലയാളം എം.എ എന്നത് വല്ല ജോലിക്കും ഒരു യോഗ്യതയായി പരിഗണിക്കുമോ? ഇത്തരം നൂറു ചോദ്യങ്ങൾ പുതുതലമുറയുടെ ആശങ്കയാണ്. ഇത്തരം അടിസ്ഥാന പ്രശ്നങ്ങളെയൊന്നും അഭിമുഖീകരിക്കാതെ, കാൽപനികമായി മാതൃഭാഷാ പ്രശ്നത്തെ സമീപിക്കുന്നത് ശരിയാണോ?




**മലയാളമെന്ന വിഷയത്തെ പരമാവധി തൊഴിലധിഷ്ഠിതമാക്കുക എന്നതാണ് പ്രശ്നത്തിനുള്ള ഒറ്റമൂലി. മലയാളത്തോടൊപ്പം ജേണലിസം, ടൂറിസം, ലൈബ്രറി സയൻസ് തുടങ്ങി ഒട്ടേറെ വിഷയങ്ങളെ കൂട്ടിച്ചേർക്കുമ്പോഴും ഇംഗ്ലീഷിനെ മാറ്റിനിർത്താനാവില്ല. അതിനാൽ, മലയാളം ബി.എക്ക് എന്നപോലെ എം.എ മലയാളത്തോടൊപ്പവും ഇംഗ്ലീഷ് ഒരു വിഷയമായി പഠിപ്പിക്കേണ്ടതുണ്ട് (മലയാള ഭാഷയോട് തമിഴിനുള്ള ബന്ധംപോലുമില്ലാത്ത സംസ്കൃതമാണ് പല മലയാള പഠനവിഭാഗങ്ങളിലും ഉപപാഠമായി പഠിപ്പിക്കുന്നത്).**

ബി.എ മലയാളത്തിനു പഠിക്കുന്നവർ കോഴ്സിന്റെ അവസാന ദിനങ്ങളിൽ ആവർത്തിച്ച് ചോദിക്കുന്ന ചോദ്യം ബി.എക്കു ശേഷം പി.ജിക്ക് ഏതു വിഷയത്തിനാണ് ചേരേണ്ടത് എന്നാണ്. ‘എം.എ മലയാളം’ എന്നുത്തരം പറയുമ്പോൾ, ‘സർ, അതിന് എന്ത് ജോലി സാധ്യതയാണുള്ളത്’ എന്ന് തിരിച്ചുചോദിക്കുന്നു. ജോലി സാധ്യത എന്ന പ്രശ്നം മലയാള സർവകലാശാല മാത്രമല്ല, നിലവിലുള്ള യൂനിവേഴ്സിറ്റികളിലെ മലയാളം വിഭാഗങ്ങളും ഗൗരവപൂർവം ആലോചിക്കേണ്ട വിഷയമാണ്. കേരളത്തിൽ, കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ മാത്രമുള്ള ഫോക്ലോർ ഡിപാർട്ട്മെന്റും ‘ജോലിസാധ്യത’ എന്ന പ്രശ്നത്തെ അഭിമുഖീകരിക്കുന്നുണ്ട്.

മലയാളമെന്ന വിഷയത്തെ പരമാവധി തൊഴിലധിഷ്ഠിതമാക്കുക എന്നതാണ് ഇതിനുള്ള ഒറ്റമൂലി. മലയാളത്തോടൊപ്പം ജേണലിസം, ടൂറിസം, ലൈബ്രറി സയൻസ് തുടങ്ങി ഒട്ടേറെ വിഷയങ്ങളെ കൂട്ടിച്ചേർക്കുമ്പോഴും ഇംഗ്ലീഷിനെ മാറ്റിനിർത്താനാവില്ല. അതിനാൽ, മലയാളം ബി.എക്ക് എന്നപോലെ എം.എ മലയാളത്തോടൊപ്പവും ഇംഗ്ലീഷ് ഒരു വിഷയമായി പഠിപ്പിക്കേണ്ടതുണ്ട്. (മലയാള ഭാഷയോട് തമിഴിനുള്ള ബന്ധംപോലുമില്ലാത്ത സംസ്കൃതമാണ് പല മലയാള പഠനവിഭാഗങ്ങളിലും ഉപപാഠമായി പഠിപ്പിക്കുന്നത്).

അടിസ്ഥാനപരമായി മനസ്സിലാക്കേണ്ട കാര്യം, ഇന്ന് വിദ്യ അഭ്യസിക്കുന്നത് ‘സമഗ്രവികാസ’ത്തിനുവേണ്ടിയല്ല, മറിച്ച് ഉന്നതമായ ഒരു ജോലിക്കുവേണ്ടിയാണ് എന്നതാണ്. അന്നമായി മാറാത്ത, ജീവിതായോധനത്തിനുതകാത്ത ഒരു വിഷയം വർഷങ്ങൾ ചെലവഴിച്ച് പഠിക്കണമെന്നു പറയുന്നത് പുതുതലമുറക്ക് മനസ്സിലാവാത്ത കാര്യമാണ്. അതിനാൽ, കേരളത്തിലെ പല സർക്കാർ ജോലികൾക്കുമുള്ള അടിസ്ഥാന യോഗ്യത ബി.എ മലയാളമെന്നും എം.എ മലയാളമെന്നുമാക്കിയാൽ ഒരു പരിധിവരെ ജോലിസാധ്യത കൂട്ടാനാവും. ഉദാഹരണമായി ആധാരം എഴുത്തുജോലി. നിലവിൽ എസ്.എസ്.എൽ.സിയാണ് ഇതിനുള്ള യോഗ്യത. എന്തുകൊണ്ട് ബി.എ മലയാളം എന്നാക്കി യോഗ്യത പുനർനിർണയിച്ചുകൂടാ? ‘ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി എന്നുദാരമായി യോഗ്യത ആവശ്യപ്പെടുന്ന നിരവധി തസ്തികകൾ കേരളത്തിലുണ്ട്. അതിൽ ചിലതിനെങ്കിലുമുള്ള യോഗ്യത മലയാളം ബി.എ എന്നാക്കി മാറ്റാവുന്നതാണ്. സത്യത്തിൽ, സ്വദേശ മലയാളിക്കോ വിദേശമലയാളിക്കോ മലയാളത്തോട് ഒരു സ്നേഹക്കുറവുമില്ല. അന്നമായി മാറുന്ന ഭാഷയോട് അൽപം സ്നേഹക്കൂടുതൽ എന്നേയുള്ളൂ. സ്നേഹം പണത്തിന്റെ രൂപത്തിലാവുന്നു എന്ന തകരാറ് ഈ സ്നേഹാധിക്യത്തിലുണ്ട്. മലയാള ഭാഷക്ക് ക്ലാസിക്കൽ പദവി വേണമെന്ന് വാദിക്കുന്നതിന്റെ പിന്നിലും ‘നൂറു കോടി സ്നേഹ’മുണ്ടല്ലോ. നൂറുകോടിയൊന്നുമില്ലാതെ, കേവലം ശ്രേഷ്ഠഭാഷാ പദവി എന്ന ഒരു കേന്ദ്രസർക്കാർ ഓർഡർ മാത്രമായിരുന്നെങ്കിൽ ദൽഹിയിലേക്ക് എത്ര ‘ഭാഷാഭിമാനികൾ’ വിമാനം കയറുമായിരുന്നു?

മലയാള സർവകലാശാല മലയാളം മാത്രം പഠിപ്പിക്കണമോ അതോ എല്ലാ വിഷയവും മലയാളത്തിൽ പഠിപ്പിക്കണമോ എന്നൊരു തർക്കവും നടക്കുന്നുണ്ട്. എല്ലാ ശാസ്ത്ര-സാങ്കേതിക മാനവിക വിഷയങ്ങളും മലയാളഭാഷയിൽ പഠിപ്പിക്കുക സാധ്യമാണോ? അതിനുതകുംവിധം നമ്മുടെ ഭാഷ വികസിച്ചിട്ടുണ്ടോ? ഇല്ലായെന്നതാണ് യാഥാർഥ്യം. 2010ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പത്തിലേറെ വിഷയങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ മനുഷ്യവിഭവശേഷി വികസന മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്രസാങ്കേതിക പദാവലി കമീഷന്റെ (സി.എ സ്.ടി.ടി) സഹായത്തോടെ ത്രിഭാഷാ പദകോശങ്ങൾ നിർമിക്കുകയുണ്ടായി.

അവയിൽ ചിലതിന്റെ ലാംഗ്വേജ് എക്സ്പേർട്ടായി പ്രവർത്തിച്ച വ്യക്തി എന്ന നിലയിൽ ഒരു കാര്യം തറപ്പിച്ചുപറയാനാകും: നമ്മുടെ ഭാഷയിൽ തത്ത്വശാസ്ത്രം, നിയമം തുടങ്ങിയ ഒട്ടേറെ മാനവിക വിഷയങ്ങളിലും ശാസ്ത്രസാങ്കേതിക വിഷയങ്ങളിലും ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങൾക്ക് തത്തുല്യമായ പദങ്ങളില്ലെന്നു മാത്രമല്ല, അവയിൽ പലതും മലയാളീകരിക്കുമ്പോൾ വികൃതമായി പോവാനാണ് സാധ്യത. അതിനാൽ ‘പരമാവധി’ ശാസ്ത്ര-സാങ്കേതിക-മാനവിക വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ മലയാളീകരിക്കാനേ നമുക്ക് സാധിക്കുകയുള്ളൂ. തീർച്ചയായും സർവകലാശാലകളുടെ ലക്ഷ്യം അറിവുൽപാദനമാകയാൽ ആദ്യം ചെയ്യേണ്ട കാര്യം, ഇത്തരം ഗ്ലോസറികൾ (പദകോശങ്ങൾ) നിർമിക്കലായിരിക്കണം. അതത് വിഷയങ്ങളിലെ പണ്ഡിതന്മാരും ഭാഷാവിദഗ്ധരും ചേരുന്ന ഒരു സമിതിക്കേ ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. ‘100 കോടിയുടെ ക്ലാസിക്കൽ പദവി’ കിട്ടുകയാണെങ്കിൽ ആദ്യം ചെയ്യേണ്ട പദ്ധതികളിലൊന്ന് ഇതായിരിക്കണം.

മലയാള ഭാഷയിൽ ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങൾ പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്ക് കേരളത്തിൽ മാത്രമേ ജോലി സാധ്യതയുണ്ടാവുകയുള്ളൂ എന്നത്, പലർക്കും രുചിക്കില്ലെങ്കിലും ഒരു യാഥാർഥ്യമാണ്. മലയാളത്തിൽ ഭൗതിക ശാസ്ത്രവും രസതന്ത്രവും മറ്റും പഠിച്ചിറങ്ങുന്നവർക്ക് ജോലി നൽകാൻ മാത്രംകേരളത്തിലെ തൊഴിൽ മേഖല (ശാസ്ത്ര-സാങ്കേതിക മേഖല) വികസിച്ചിട്ടുണ്ടോ? ഫലത്തിൽ, മലയാളത്തിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ പഠിച്ച ഒരു വിഭാവവും ഇംഗ്ലീഷിൽ പഠിച്ച മറ്റൊരു വിഭാഗവും എന്ന രണ്ടു വർഗങ്ങൾ സൃഷ്ടിക്കപ്പെടാനാണ് ഇതുപകരിക്കുക.

വാൽകഷ്ണം: കരിയർ കൗൺസലിങ് സെന്ററുകളിൽനിന്ന് ഉപദേശ നിർദേശങ്ങൾ കിട്ടി കോഴ്സുകൾ തെരഞ്ഞെടുക്കുന്ന പുതുതലമുറ, മലയാള സർവകലാശാലയിലെ മാതൃഭാഷയിലൂടെയുള്ള രസതന്ത്രത്തിനും ഊർജതന്ത്രത്തിനും സീറ്റുകിട്ടാൻവേണ്ടി ക്യൂ നിൽക്കുമെന്ന് നമുക്ക് സ്വപ്നം കാണാം.

*(ലേഖകൻ, കോഴിക്കോട് ഫാറൂഖ് കോളജ് മലയാളവിഭാഗം അസിസ്റ്റന്റ് പ്രഫസറാണ്)*

മംഗളം - 3-7-2013

# ലോകത്തിന് വിശക്കുന്നു

ഡോ. അസീസ് തരുവണ

ഭക്ഷ്യ കമ്മിക്കും പ്രതിസന്ധിക്കും കാരണക്കാർ സാമ്രാജ്യത്വ ശക്തികളും അതിന്റെ ഭാഗമായ വൻകിട കുത്തകകളുമാണ്. സാമ്രാജ്യത്വ ശക്തികളുടെ വെറും ചട്ടുകങ്ങളായ എ ഡി ബി, ഐ എം എഫ്, വേൾഡ് ബേങ്ക് തുടങ്ങിയവയെ ഉപയോഗിച്ച് അവരൊരുക്കിയ കെണികളിലൂടെയാണ് മൂന്നാം ലോക രാജ്യങ്ങളെ പട്ടിണിയിലേക്ക് തള്ളിവിട്ടിരിക്കുന്നത്. അതിനാൽ ഈ സ്ഥാപനങ്ങൾക്കെതിരായ ആഗോള കലാപമാണ് ഇന്നത്തെ ഭക്ഷ്യ പ്രതിസന്ധിക്കും ക്ഷാമത്തിനുമുള്ള അടിയന്തരപരിഹാരം. ലോകത്തെങ്ങും അലയടിക്കുന്ന ഭക്ഷണത്തിനായുള്ള മുറവിളി ആത്യന്തികമായി അത്തരമൊരു സമരമായി മാറുമെന്നതിൽ യാതൊരു സംശയവുമില്ല.

"ഒരു പുതിയ ഭക്ഷ്യഉടമ്പടിക്ക് സമയമായിരിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി അമേരിക്കയിലെയും യൂറോപ്പിലെയും ഗ്യാസ് പമ്പുകൾ നിറക്കുന്നതിനെക്കുറിച്ചായിരുന്നു ഞങ്ങളുടെ ആലോചന... എന്നാൽ ലോകമാകെയുള്ള ജനങ്ങൾ സ്വന്തം വയറെങ്ങനെ ഒരു നേരം നിറക്കുമെന്ന കടുത്ത ഉത്കണ്ഠയിലാണ്... ഓരോ ദിവസം കഴിയുംതോറും പ്രതിസന്ധി രൂക്ഷമാവുകയാണ്".

*ലോകബേങ്ക് പ്രസിഡന്റ്*
*റോബർട്ട് സോലിക്*

ലോകത്തെങ്ങും ഭക്ഷ്യക്ഷാമം രൂക്ഷമാവാൻ പോകുകയാണെന്നാണ് റിപ്പോർട്ടുകൾ. ഭക്ഷണത്തിനുവേണ്ടിയും വിലക്കയറ്റത്തിനെതിരെയുമുള്ള സമരകലാപങ്ങൾ പല രാജ്യങ്ങളിലും ആഭ്യന്തരയുദ്ധമായും അട്ടിമറിയായും പരിവർത്തനപ്പെടാനുള്ള സാധ്യതയും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇക്കഴിഞ്ഞ ഏപ്രിൽ മൂന്നിന് ഹെയ്തിയിലെ തെരുവീഥികളിൽ 'ഞങ്ങൾക്ക് വിശക്കുന്നു' എന്ന മുദ്രാവാക്യമുയർത്തി അമ്പതിനായിരത്തിലേറെ ജനങ്ങൾ നടത്തിയ പ്രക്ഷോഭവും ഏപ്രിൽ അഞ്ചിന് ഈജിപ്തിലെ സ്പിന്നിംഗ്/വീവിംഗ് തൊഴിലാളികൾ നടത്തിയ പണിമുടക്കും ഇതിന്റെ ആദ്യചലനങ്ങളായി വിലയിരുത്തപ്പെടുന്നു. 20 ലേറെ ആഫ്രിക്കൻ രാഷ്ട്രങ്ങൾ കടുത്ത പട്ടിണിയിലകപ്പെട്ടു കഴിഞ്ഞതായാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. പല രാഷ്ട്രങ്ങളിലേയും വിലക്കയറ്റ വിരുദ്ധസമരം വരും നാളുകളിൽ പത്രത്താളുകളിലെ മുഖ്യ വാർത്തയാവുമെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. എത്യോപ്യ, പെറു, ഹോണ്ടുറാസ്, ഇന്തോനേഷ്യ, നൈജീരിയ, ഫിലിപ്പൈൻസ്, സാമ്പിയ, കാമറൂൺ, കമ്പോഡിയ, ബംഗ്ലാദേശ് തുടങ്ങി പല ഏഷ്യൻ- ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള വാർത്തകൾ ഇതിനകം മാധ്യമങ്ങളിൽ ചെറിയ തോതിലെങ്കിലും ഇടംനേടിക്കഴിഞ്ഞു. ഇത്തരമൊരു ഭക്ഷ്യപ്രതിസന്ധിയിലേക്ക് ലോകത്തെ തള്ളിവിട്ട മുതലാളിത്ത, സാമ്രാജ്യത്വ ശക്തികൾ, തങ്ങൾ നിയന്ത്രിക്കുന്ന ആഗോള മാധ്യമ ആധിപത്യമുപയോഗിച്ച് സമരങ്ങളെ തമസ്കരിച്ചു കൊണ്ടിരിക്കുകയാണ്. ആത്യന്തികമായി ഈ പ്രക്ഷോഭങ്ങൾ സാമ്രാജ്യത്വ വിരുദ്ധ കലാപങ്ങളായി മാറുമെന്ന യാഥാർഥ്യം മറ്റാരേക്കാളും തിരിച്ചറിയുന്നത് സാമ്രാജ്യത്വ ശക്തികൾ തന്നെയാണ്.

വരുമാനം വർധിക്കാതിരിക്കുകയും ഭക്ഷ്യോത്പന്നങ്ങളുടെയും നിത്യോപയോഗ വസ്തുക്കളുടെയും വില ക്രമാതീതമായി വർധിക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങൾക്കിടയിൽ ഭക്ഷ്യോത്പന്നങ്ങളായ അരി, ഗോതമ്പ് തുടങ്ങിയവക്ക് ഉണ്ടായ വിലവർധന ശ്രദ്ധിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാവും. ലോകബേങ്കിന്റെ കണക്കനുസരിച്ച്, അരിയുടെ 2006ലെ മൊത്തവില 305 ഡോളറും 2007ൽ 326 ഡോളറും 2008ൽ 420 ഡോളറുമാണ്. ഗോതമ്പിന്റെ മൊത്തവ്യാപാര വില 2006ൽ മെട്രിക് ടണ്ണിന് 192 ഡോളറും 2007ൽ 255 ഡോളറുമായിരുന്നു. 2008ൽ അത് 398 ഡോളറായി വർധിച്ചിരിക്കുകയാണ്. രണ്ടു വർഷം കൊണ്ട് 107 ശതമാനം വർധന!

സ്വാഭാവികമായും ഭക്ഷ്യോത്പന്നങ്ങൾക്ക് വില വർധിക്കുമ്പോൾ അതിന്റെ വിഹിതം കർഷകർക്ക് ലഭ്യമാവേണ്ടതാണ്. അങ്ങനെ കർഷക ജനത, സമ്പന്നമാവേണ്ടതുമാണ്. എന്നാൽ, സംഭവിച്ചുകൊണ്ടിരിക്കുന്നത് മറിച്ചാണ്. ഭക്ഷ്യധാന്യങ്ങൾക്ക് നൂറും നൂറ്റമ്പതും ശതമാനം വർധനവ് ഉണ്ടാകുമ്പോൾ തന്നെ വിത്തിനും യന്ത്രത്തിനും വളത്തിനും മറ്റും അതിലിരട്ടി വില കൊടുക്കേണ്ട അവസ്ഥയാണ് കുത്തകകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി ചെറുകിട കർഷകർ കൃഷി ഉപേക്ഷിക്കുകയും ആ മേഖല കൂടി മുതലാളിത്ത കുത്തക വ്യവസായികളുടെ കൈപിടിയിൽ ഒതുങ്ങുകയുമാണ്. വ്യവസായിക കുത്തകകളുടെ കടന്നുവരവ് പല ഏഷ്യൻ-ആഫ്രിക്കൻ രാഷ്ട്രങ്ങളുടെയും കാർഷിക മേഖലയെ തകർത്തിരിക്കുന്നു. വ്യാവസായിക കുത്തക കമ്പനികൾ സമ്മാനിക്കുന്ന വിത്തിനങ്ങൾ മുതൽ രാസവളങ്ങൾ വരെ കാർഷിക മേഖലയെ നശിപ്പിക്കുന്നതാണെന്ന തിരിച്ചറിവ് ലോകത്തെങ്ങും ഉണ്ടായിട്ടുണ്ടെങ്കിൽ കൂടി അവരുടെ ഊരാകുടുക്കു നയങ്ങളിൽ നിന്നുള്ള വിമോചനം പോലും ദുഷ്കരമാവുന്ന അവസ്ഥ പല രാജ്യങ്ങളിലും നിലനിൽക്കുന്നുണ്ട്. സംഹാരാത്മകമായ സാമ്രാജ്യത്വ നയങ്ങൾ മൂന്നാംലോക രാജ്യങ്ങളുടെ മേൽ, ഡബ്ളിയു ടി ഒയുടെയും പാറ്റന്റിന്റെയും മറ്റും ഊരാകുടുക്കു നയങ്ങളിലൂടെ അടിച്ചേൽപ്പിക്കുന്നതിൽ അമേരിക്കൻ സാമ്രാജ്യത്വം വിജയിച്ചിരിക്കുന്നു.

ഇന്ന് ലോകം എത്തിപ്പെട്ടിരിക്കുന്ന ഭക്ഷ്യക്ഷാമത്തെപ്പറ്റിയും അതുയർത്തുന്ന സങ്കീർണമായ പ്രശ്നങ്ങളെക്കുറിച്ചും ഐക്യരാഷ്ട്രസഭ മുന്നറിയിപ്പു നൽകുന്നുണ്ട്. യു എന്നിന്റെ സാമ്പത്തിക വികസനകാര്യ അസിസ്റ്റന്റ് സെക്രട്ടറി ജനറൽ ജോമോകോം തയ്യാറാക്കിയ "ലോക സാമ്പത്തിക സ്ഥിതിയും പ്രതീക്ഷകളും" എന്ന റിപ്പോർട്ടിൽ ഭക്ഷ്യധാന്യ വിലക്കയറ്റവും ക്ഷാമവും വന്ന വഴികൾ ഇങ്ങനെ വ്യക്തമാക്കുന്നു.

" ലോകം ജനസംഖ്യയുടെ നേർപകുതി, അഥവാ 310 കോടി മനുഷ്യർ ഭക്ഷ്യസുരക്ഷാ വലയത്തിന് പുറത്താണ്... പ്രതിദിനം 18,000 കുഞ്ഞുങ്ങൾ ആഹാരം കിട്ടാത്തതു കൊണ്ട് മാത്രം മരണപ്പെടുന്നു" " കഴിഞ്ഞ രണ്ടു ദശാബ്ദത്തിലേറെ കാലമായി, ലോകമാകെ ഭക്ഷ്യധാന്യ ഉത്പാദനത്തിനു പകരം നാണ്യവിള ഉത്പാദനത്തിനായി കൃഷിഭൂമി മാറ്റിവെക്കുകയാണ് ചെയ്തത്. ധാന്യഉത്പാദനം നടക്കുന്നുണ്ടെങ്കിലും, അത് ഭക്ഷ്യാവശ്യങ്ങൾക്കല്ല, മറ്റാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഇന്ന് കാർഷിക മേഖല നിയന്ത്രിക്കുന്നത് കർഷകരല്ല, കാർഷിക കുത്തകകളാണ്. ഉത്പാദനം മുതൽ വിത്ത് സംഭരണവും, വിപണനവും വരെയുള്ള സമസ്ത ദൗത്യങ്ങളും ഇവയുടെ നിയന്ത്രണത്തിലാണ്. അതിന്റെ ഫലമാണ് ഇപ്പോഴത്തെ ഭക്ഷ്യ പ്രതിസന്ധി. ബൗദ്ധിക സ്വത്തവകാശം കാർഷിക മേഖലയിലേക്കു കൂടി വ്യാപിച്ചതോടെ ആഗോള കുത്തകകൾ പുതിയ പ്രഭുവർഗമായി. കർഷകരും ഇടത്തരക്കാരും മാത്രമല്ല സർക്കാറുകൾ പോലും ഇവരുടെ കീഴിൽ കൂലിപ്പണിക്കാരാണ്.

കണക്കുകൂട്ടലുകളെ തെറ്റിച്ചുകൊണ്ട് ഇസ്റാഈലിന്റെ ഇറാനെതിരെയുള്ള യുദ്ധഭീഷണി എണ്ണ വിലയിൽ വൻകുതിച്ചു കയറ്റം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. ഇത് വരും നാളുകളിൽ സാധാരണക്കാരന്റെ ജീവിതത്തെ ഏതുവിധം ദുസ്സഹമാക്കുമെന്നത് കണ്ടറിയേണ്ടിയിരിക്കുന്നു. ഒരു യുദ്ധം കൂടി ലോകത്തിന് നേരിടേണ്ടി വന്നാൽ ഒരു പക്ഷേ, ലോകത്തിന്റെ ഇന്നത്തെ ചിത്രം തന്നെ മാറ്റിമറിക്കാൻ ഇടയാക്കുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത് ഇതെല്ലാംകൊണ്ടു കൂടിയാണ്.

ലോകബേങ്കിന്റെ കണക്കനുസരിച്ച് ലോകത്തിലെ മുഴുവൻ മനുഷ്യർക്കും 12 ആഴ്ചകഴിക്കാനുള്ള ഭക്ഷ്യധാന്യം മാത്രമാണ് ഇന്ന് സ്റ്റോക്കുള്ളത്. ഇതേസമയം 2008ൽ ഏത് റോൾ ഉത്പാദനത്തിനായി 1140 ലക്ഷം ടൺ ധാന്യം മാറ്റിവെക്കാനാണ് അമേരിക്കയുടെ തീരുമാനം. ഇത് അമേരിക്കയുടെ മൊത്തം ധാന്യോത്പാദനത്തിന്റെ മൂന്നിലൊന്ന് ആണത്രെ! ഇപ്പോൾ ഭക്ഷ്യകമ്മി നേരിടുന്ന 82 രാഷ്ട്രങ്ങൾക്ക് ഒരു വർഷം കഴിയാനുള്ള ധാന്യത്തിന് തുല്യമാണ് ഇതെന്ന് ഐക്യരാഷ്ട്രസഭ പറയുന്നു.

ചുരുക്കത്തിൽ, ലോകമിന്നെത്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഭക്ഷ്യ കമ്മിക്കും പ്രതിസന്ധിക്കും കാരണക്കാർ സാമ്രാജ്യത്വ ശക്തികളും അതിന്റെ ഭാഗമായ വൻകിട കുത്തകകളുമാണ്. സാമ്രാജ്യത്വ ശക്തികളുടെ വെറും ചട്ടുകങ്ങളായ എ ഡി ബി, ഐ എം എഫ് വേൾഡ് ബേങ്ക് തുടങ്ങിയവയെ ഉപയോഗിച്ച് അവരൊരുക്കിയ കെണികളിലൂടെയാണ് മൂന്നാം ലോക രാജ്യങ്ങളെ പട്ടിണിയിലേക്ക് തള്ളിവിട്ടിരിക്കുന്നത്. അതിനാൽ ഈ സ്ഥാപനങ്ങൾക്കെതിരായ ആഗോള കലാപമാണ് ഇന്നത്തെ ഭക്ഷ്യപ്രതിസന്ധിക്കും ക്ഷാമത്തിനുമുള്ള അടിയന്തരപരിഹാരം. ലോകത്തെങ്ങും അലയടിക്കുന്ന ഭക്ഷണത്തിനായുള്ള മുറവിളി ആത്യന്തികമായി അത്തരമൊരു സമരമായി മാറുമെന്നതിൽ യാതൊരു സംശയവുമില്ല.

# നൂറുകോടി തിളക്കം മങ്ങാതിരിക്കണമെങ്കിൽ

ഡോ. അസീസ് തരുവണ

മലയാളത്തെ ശ്രേഷ്ഠഭാഷയാക്കുന്നതിനുവേണ്ടി ദൽഹിയിൽ പോയി വാദിച്ച പ്രമുഖരിൽ ചിലർതന്നെ ഇതിനകം പലവിധ ആശങ്കകൾ പങ്കുവെച്ചു കഴിഞ്ഞു. ഇനി കിട്ടാൻ പോകുന്ന നൂറുകോടിയെ പറ്റിയാണ് ഒ.എൻ.വിക്ക് ആശങ്കയെങ്കിൽ മലയാളത്തിനു കിട്ടിയ ക്ലാസിക്കൽ പദവിതന്നെ അസംബന്ധമാണെന്നാണ് എം.ജി.എസ്. നാരായണന്റെ വാദം. 2010ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ശ്രേഷ്ഠഭാഷാ സെമിനാറിലും ഇതേ നിലപാടുതന്നെയായിരുന്നു അദ്ദേഹം അവതരിപ്പിച്ചത്. പ്രാചീന കേരള ചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ ചരിത്രപണ്ഡിതൻ എന്ന നിലയിൽ എം.ജി.എസിന്റെ കാഴ്ചപ്പാടുകൾക്ക് പ്രസക്തിയുണ്ട്.

ശ്രേഷ്ഠഭാഷാ പദവി ആത്യന്തികമായി അക്കാദമിക് വിഷയമാണ്. അതിനാൽ, ഈ പദവിയെപ്പറ്റി ചർച്ചകളും സംവാദങ്ങളും ഒറ്റയടിക്കു അവസാനിക്കാൻ പോകുന്നില്ല. ഭാഷാഭിമാനികളായ മലയാളികളെ സംബന്ധിച്ചിടത്തോളം ശ്രേഷ്ഠഭാഷാ പദവി ആഹ്ലാദകരമായിരിക്കെത്തന്നെ, അതിനുവേണ്ടി ദൽഹിയിൽ സമർപ്പിച്ച പ്രബന്ധത്തിൽ ഉന്നയിച്ച വാദങ്ങൾ എന്തൊക്കെയാണെന്നറിയാൻ താൽപര്യമുണ്ടാവുക സ്വാഭാവികമാണ്. കേന്ദ്രസാഹിത്യ അക്കാദമി മൂന്നുതവണ തിരിച്ചയച്ച പ്രബന്ധമാണിത്. അതിലുന്നയിച്ച വാദങ്ങൾ അബദ്ധജടിലവും ചരിത്രവിരുദ്ധവുമാണെന്ന് ദൽഹി സംഘത്തിലുണ്ടായിരുന്ന എം.ജി.എസ്തന്നെ ദീർഘമായി ഉപന്യസിച്ചിരിക്കെ എന്തൊക്കെയോ ചീഞ്ഞുനാറാൻ തുടങ്ങിയിട്ടുണ്ട്. നൂറുകോടിയാണ് ഇപ്പോഴത്തെ വില്ലൻ എന്നുതോന്നുന്നു.

കോടികളൊന്നുമില്ലാതെ മഹത്തായ ശ്രേഷ്ഠഭാഷാ പദവി മാത്രമാണ് കേന്ദ്രസർക്കാർ നൽകിയിരുന്നതെങ്കിൽ ദൽഹിയിലേക്ക് ഒരേ സംഘംതന്നെ നാലുതവണ പോവാനും ഒരേ വാദമുന്നയിച്ചും രാഷ്ട്രീയ സമ്മർദം ഉപയോഗിച്ചും ഈ പദവിക്കുവേണ്ടി വാദിക്കാനും സന്നദ്ധരാവുമായിരുന്നോ? സംശയകരമാണ്. മലയാളഭാഷയെ ഒന്നാം ഭാഷയാക്കാൻ ഇച്ഛാശക്തിയില്ലാത്ത, ഭരണ-കോടതി ഭാഷകളെ ഇപ്പോഴും മലയാളമാക്കാൻ മടിക്കുന്ന മാറിമാറിവന്ന ഇടതു, വലതു സർക്കാറുകൾക്കെങ്ങനെ ശ്രേഷ്ഠഭാഷയിൽ അഭിമാനം കൊള്ളാൻ കഴിയും?

1500ലേറെ വർഷം പഴക്കമുള്ള ഭാഷയാണ് മലയാളമെന്ന് ദൽഹിയിൽ പോയി വാദിച്ച എം.ജി.എസ്, 2010 മാർച്ചിൽ സർക്കാർ പ്രസിദ്ധീകരണമായ 'വിജ്ഞാനകൈരളി'യിൽ ഈ ലേഖകൻ നടത്തിയ അഭിമുഖത്തിൽ പറഞ്ഞത് ഇങ്ങനെയാണ്: 'മലയാളഭാഷ എന്നു പറയാവുന്ന ഭാഷാരൂപം ഉണ്ടാവുന്നത് 15,16 നൂറ്റാണ്ടുകളിലാണ്. 500-600 കൊല്ലത്തെ പ്രായം മാത്രമാണ് നമ്മുടെ മലയാള ഭാഷക്കുള്ളത്. ഇതു ചരിത്രവസ്തുതയാണ്. ചരിത്രത്തിൽ പ്രമാണങ്ങളിൽ തെളിയുന്ന വസ്തുതകൾക്കാണ് സ്ഥാനം. വെറും വാദങ്ങൾക്ക് ഒരു സ്ഥാനവുമില്ല. എഴുത്തച്ഛന്റെ ഇതിഹാസ-പുരാണ തർജ്ജമകളാണ് ഭാഷക്ക് പുതുരൂപം കൊടുത്തത്.' മലയാളത്തിന് 1500 വർഷത്തെ പഴക്കമുണ്ടെന്നു ദൽഹിയിൽ പോയി വാദിച്ച എം.ജി.എസിനു മൂന്നുവർഷത്തിനിടയിൽ എന്തൊക്കെ തെളിവുകളാണാവോ ലഭിച്ചത്.

ശ്രേഷ്ഠഭാഷക്കുവേണ്ടി മലയാള പണ്ഡിതന്മാർ 'ഗവേഷണം നടത്തി, ബുദ്ധിമുട്ടി കണ്ടെത്തിയ' ഒന്നാമത്തെ വാദം, ഒരു മൂലദ്രാവിഡ ഭാഷയിൽനിന്ന് രൂപപ്പെട്ടതിനാൽ തമിഴ്, കന്നട, തെലുങ്ക്, മലയാളം തുടങ്ങിയ ദ്രാവിഡ ഭാഷകൾക്ക് ഒരേ പ്രായമാണെന്നും ഇതിൽ ഏതെങ്കിലും ഭാഷക്ക് ശ്രേഷ്ഠഭാഷാ പദവി നൽകുകയാണെങ്കിൽ മലയാളവും അതിന് അർഹമാണെന്നുമാണ്. പ്രാചീന തമിഴ് ക്ലാസിക്കൽ ഗ്രന്ഥങ്ങളിൽ പലതും ഇന്നത്തെ സാമാന്യ തമിഴ് വായനക്കാർക്ക് പെട്ടെന്ന് മനസ്സിലാക്കാനാവാത്ത ഭാഷയിലാണെന്നും അതിനാൽ, മൂലദ്രാവിഡ ഭാഷയിൽനിന്ന് പിരിഞ്ഞുവരുന്ന ഘട്ടത്തിലെ ഗ്രന്ഥങ്ങൾ മലയാളത്തിനു കൂടി അവകാശപ്പെട്ടതാണെന്നുമാണ് മറ്റൊരുവാദം. ഈ വാദത്തിൽ ചില ശരികളുണ്ട്. എന്നാൽ, പ്രാചീന തമിഴിൽനിന്ന് ഭിന്നമായി മൃതിയടഞ്ഞ ഒരു മൂലദ്രാവിഡ ഭാഷയുണ്ടെങ്കിൽ തീർച്ചയായും ക്ലാസിക്കൽ പദവി നൽകേണ്ടത് ആ മൃതഭാഷക്കാണ്. ആ ഭാഷ ഇപ്പോൾ നിലവിലില്ലല്ലോ എന്നത് ക്ലാസിക്കൽ പദവിക്കു തടസ്സമല്ല. ഇസ്രായേലിയർ മൃതഭാഷയായി മാറിയിരുന്ന ഹീബ്രുവിനെ സംസാര, വ്യവഹാര ഭാഷയാക്കി തിരിച്ചുകൊണ്ടുവന്ന ചരിത്രവും നമ്മുടെ മുന്നിലുണ്ട്.

കേരളത്തിലെ ഏറ്റവും പ്രാചീന ലിഖിതമായി വിശേഷിപ്പിക്കപ്പെടുന്ന വയനാട്ടിലെ എടക്കൽ ഗുഹാ ലിഖിതങ്ങളെ പ്രാചീന മലയാളവുമായി ബന്ധിപ്പിക്കാനുള്ള ശ്രമങ്ങളും ദൽഹി പ്രബന്ധത്തിൽ ഉള്ളതായാണ് പത്രവാർത്ത. 1896ൽ മദിരാശിയിലെ എപ്പിഗ്രാഫി വകുപ്പിന്റെ തലവനായിരുന്ന ഡോ. ഹുൾട്ഷ് (Dr.Hultzch) എടക്കൽ ലിഖിതം, വായിച്ചെടുത്തത് ഇങ്ങനെ: 'പൽപുലിതാനന്തകരി. മറ്റൊരു വായന, 'പലപുലിതാനന്തകരി'. ഹുൾട്ഷിന്റെ അഭിപ്രായത്തിൽ ഈ ലിഖിതം പ്രാചീന തമിഴു ലിപിയിലാണ്. ഈ ലിപിയുടെ ഉത്തരഭാഗം 'വേട്കോപനാകചം നന്നുചത്തി' എന്നു വായിക്കാമെന്നു കേസരി എ. ബാലകൃഷ്ണപിള്ള എഴുതിയിട്ടുണ്ട്. എടക്കൽ ഗുഹയിലെ മറ്റൊരു ലിഖിതം ഹുൾട്ഷ് വായിച്ചത് ഇങ്ങനെ: ശ്രീവിഷ്ണുവർമനാഹ: കുടുംബിയ കുലവർദ്ധനസ്യ ലിഖിത'. ഇത് സംസ്കൃതത്തിലുള്ളതാണെന്നത് തർക്കമറ്റതാണ്. എടക്കൽ ലിപി നിരകളുടെ കാലം ബി.സി മൂന്നാം നൂറ്റാണ്ടാണെന്നാണ് പ്രഫ. ബ്യൂളരുടെ അഭിപ്രായം. എന്തുതന്നെയായാലും മലയാളഭാഷയുമായി ഈ ലിഖിതങ്ങൾക്ക് ബന്ധമുണ്ടെന്ന് ഇന്നേവരെ ആരും വാദിച്ചിട്ടില്ല.




**കോടികളൊന്നുമില്ലാതെ മഹത്തായ ശ്രേഷ്ഠഭാഷ പദവി മാത്രമാണ് കേന്ദ്രസർക്കാർ നൽകിയിരുന്നതെങ്കിൽ ദൽഹിയിലേക്ക് ഒരേ സംഘംതന്നെ നാലുതവണ പോവാനും ഒരേ വാദമുന്നയിച്ചും രാഷ്ട്രീയ സമ്മർദം ഉപയോഗിച്ചും ഈ പദവിക്കുവേണ്ടി വാദിക്കാനും സന്നദ്ധരാവുമായിരുന്നോ? സംശയകരമാണ്. മലയാളഭാഷയെ ഒന്നാം ഭാഷയാക്കാൻ ഇച്ഛാശക്തിയില്ലാത്ത, ഭരണ-കോടതി ഭാഷകളെ ഇപ്പോഴും മലയാളമാക്കാൻ മടിക്കുന്ന മാറിമാറിവന്ന ഇടതു, വലതു സർക്കാറുകൾക്കെങ്ങനെ ശ്രേഷ്ഠഭാഷയിൽ അഭിമാനം കൊള്ളാൻ കഴിയും?**

ശ്രേഷ്ഠഭാഷാ പദവിയേക്കാൾ ഇപ്പോൾ ചർച്ച ചെയ്യുന്നതും തർക്കിക്കുന്നതും നൂറുകോടിയുടെ കാര്യമാണ്. ഈ തുക എന്തിനുവേണ്ടി ചെലവഴിക്കണം എന്നതിനു പല കോണുകളിൽനിന്നും നിർദേശങ്ങളും ആവശ്യക്കാരും ഉണ്ടായിക്കഴിഞ്ഞു. ഫ്യൂഡൽ ഗൃഹാതുരതയെ താലോലിക്കുന്ന പൈതൃകപഠന, മ്യൂസിയമടക്കം നിർദേശങ്ങളിലുണ്ട്. എം.ജി.എസിന്റെ സങ്കൽപത്തിലുള്ള അത്തമൊരു കേന്ദ്രത്തിൽ 'സ്വദേശി വസ്ത്രധാരണ രീതികൾക്കും ആടയാഭരണങ്ങൾക്കും ഓലക്കുടക്കും ഓട്ടുവളകൾക്കും ചെറുമക്കളുടെ കല്ലുമാലകൾക്കും-അത്ര ദൂരെയല്ലാത്ത ഒരു ഭൂതകാലത്ത് നാം ഇതെല്ലാം അപരിഷ്കൃതമെന്നുവെച്ച് തള്ളികളഞ്ഞതാണ്-അവിടെ പുനർജീവിതം സിദ്ധിക്കണം...'

കേരളീയ നവോത്ഥാനം വലിച്ചെറിഞ്ഞ ചെറുമക്കളുടെ കല്ലുമാലയും മറ്റും 'പുനരുജ്ജീവി'പ്പിച്ചുകൊണ്ട് പിന്നോട്ട് നടക്കാനും തത്തുല്യമായ മറ്റു ജാതിയ, ഫ്യൂഡൽ നൊസ്റ്റാൾജിയെ താലോലിക്കാനും നൂറുകോടിയിൽ നിന്നു തുക മാറ്റിവെക്കുകയാണെങ്കിൽ മലയാളഭാഷയെ സംബന്ധിച്ചിടത്തോളം അത് പാഴ്ച്ചെലവായി മാറും.

തീർച്ചയായും, മലയാളഭാഷയുടെയും കേരളത്തിൽ നിലനിൽക്കുന്ന ഭാഷാഭേദങ്ങളുടെയും സംരക്ഷണത്തിനും വികാസത്തിനും വേണ്ടി മാത്രമേ നൂറുകോടി ചെലവഴിക്കുകയുള്ളൂവെന്ന് സർക്കാറും ഔദ്യോഗിക സ്ഥാപനങ്ങളും തീരുമാനിച്ചാൽ മാത്രമേ നൂറുകോടികൊണ്ട് നമ്മുടെ ഭാഷക്ക് വല്ല ഗുണവുമുണ്ടാകുകയുള്ളൂ. ഇപ്പോൾ പല വൈജ്ഞാനിക ശാഖകളിലുമുള്ള സാങ്കേതിക പദങ്ങൾക്ക് മലയാളത്തിൽ തത്തുല്യ പദങ്ങളില്ല. അതിനാൽ, എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിപ്പിക്കപ്പെടണം എന്നു വാദിക്കുമ്പോൾതന്നെ സാങ്കേതികപദകോശം എന്നത് കീറാമുട്ടിയാവുകയാണ്. അതുകൊണ്ട് വിവിധ വിഷയങ്ങളിലുള്ള പദകോശങ്ങൾ (ഗ്ലോസറി) നിർമിക്കാൻ തുക കണ്ടെത്തേണ്ടതുണ്ട്.

കേരളത്തിലെ ലിപിയില്ലാത്തതും എന്നാൽ, പദസമ്പന്നവും വാമൊഴി സാഹിത്യ സമ്പന്നവുമായ ആദിവാസി ഭാഷകളെ സംരക്ഷിക്കാൻ തുക നീക്കിവെക്കേണ്ടതുണ്ട്. ആദിവാസി ഭാഷകളിൽ പലതിനും മലയാളത്തോട് അടുത്ത ബന്ധമുണ്ട്. സമീപകാലത്ത് അവയിൽ ചിലതിനു നിഘണ്ടുക്കൾ ഉണ്ടായിട്ടുണ്ട്. ഈ മേഖലയിൽ ധാരാളം ഗവേഷണങ്ങൾ നടക്കുന്നുണ്ട്. തീർച്ചയായും അവ സംരക്ഷിക്കേണ്ടത് മലയാളികളുടെ കടമയാണ്.

മലയാളത്തെ ക്രിയാത്മകമായി ഉൾക്കൊള്ളുന്നതിനുവേണ്ടി കേരളത്തിലുണ്ടായ ലിപി വ്യവസ്ഥയാണ് അറബി-മലയാളം. ലിപി അറബിയാണെങ്കിലും ഉച്ചരിക്കുന്നത് മലയാളമാണ്. ഒരുകാലത്ത് ഈ ഭാഷാരീതി കേരളത്തിൽ സജീവമായിരുന്നു. ആയിരത്തിലേറെ ഗദ്യഗ്രന്ഥങ്ങളും ആറായിരത്തിലേറെ പലവിധ പദ്യങ്ങളും ഈ ലിപി വ്യവസ്ഥയിലുണ്ട്. അറബി-മലയാളം നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഭാഗമാണ്. അതിനാൽ, അവ സംരക്ഷിക്കാനും അവയിലുള്ള ഗ്രന്ഥങ്ങൾ മലയാളലിപിയിലേക്ക് മാറ്റാനും ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. സാഹിത്യം, വൈദ്യം, ചരിത്രം, ആധ്യാത്മികം, തത്ത്വശാസ്ത്രം തുടങ്ങി വിവിധ ശാഖകളിലായി ചിതറിക്കിടക്കുന്ന അറബി-മലയാള സാഹിത്യസമ്പത്ത് ലിപ്യന്തരണത്തിലൂടെ സമ്പൂർണമായി മലയാളീകരിച്ചാൽ ഭാഷയുടെ പ്രാചീന സമ്പത്തിനു മുതൽ കൂട്ടാവും. ഒപ്പം, മലയാള യൂനിവേഴ്സിറ്റിയുടെ പാഠ്യപദ്ധതിയിൽ അറബി-മലയാളം സവിശേഷ പഠനവിഷയമാകേണ്ടതുണ്ട്.

തമിഴ്ലിപി, ഗ്രന്ഥലിപി, സുറിയാനി ലിപി, തുളു ലിപി, ഹളെകന്നട ലിപി, കന്നട ലിപി, അറബി ലിപി, ഡച്ച് ലിപി, പോർചുഗീസ് ലിപി, ഹീബ്രുലിപി, ലത്തീൻ ലിപി എന്നിങ്ങനെയുള്ള നിരവധി ലിപികൾ ഉപയോഗിച്ചുള്ള, ലിഖിതങ്ങളുള്ള നാടാണ് കേരളം. ഇവയിൽ ചില ലിപികളിൽ ഗ്രന്ഥസമ്പത്തുമുണ്ട്. കേരളത്തിലെ ഒന്നാമത്തെ ചരിത്രഗ്രന്ഥമായ ശൈഖ് സൈനുദീൻ രചിച്ച 'തുഹ്ഫത്തുൽ മുജാഹിദീൻ' അറബിയിലാണ് രചിക്കപ്പെട്ടത്. ഇത്തരത്തിൽ കേരളവുമായും നമ്മുടെ പ്രാചീനകാലവുമായും ബന്ധമുള്ള മുഴുവൻ ആവിഷ്കാരങ്ങളും മലയാളഭാഷയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്.

മലയാള സാഹിത്യകൃതികൾ ഇംഗ്ലീഷ് അടക്കമുള്ള ലോകഭാഷകളിലേക്കും, വിദേശ, ഇന്ത്യൻ ഭാഷകളിലുള്ള അമൂല്യഗ്രന്ഥങ്ങൾ മലയാളത്തിലേക്കും വിവർത്തനം ചെയ്യാനുള്ള സ്ഥാപനം ആരംഭിക്കാവുന്നതാണ്. വിവർത്തന പരിശീലനം ഒരു കോഴ്സായി പോലും അവിടെ ആരംഭിക്കാൻ പറ്റും. ഇത്തരത്തിൽ ക്രിയാത്മകമായ ചുവടുവെപ്പുകളിലൂടെ മുന്നേറിയാലേ ഭാഷയുടെ വികാസം സാധ്യമാവൂ.

*(ലേഖകൻ, ഫാറൂഖ് കോളജ് മലയാള വിഭാഗത്തിൽ അസി. പ്രഫസറാണ്)*

വാരാദ്യമാധ്യ

ലക്കം 1312 varadyam@madhyamam.com

രണ്ടായിരത്തി പതിമൂന്ന് ജൂൺ രണ്ട് ഞായർ


# പോരാളികളുടെ അ



സൽമാ യാകൂബ്

**മുത്തങ്ങയിൽ ജോഗി സ്മാരക സ്തൂപത്തിനു മുന്നിൽ വെച്ച്, മുത്തങ്ങ സമരത്തെയും സി.കെ. ജാനുവിൻെറ പൊലീസ് മർദന വീർത്ത്, കരുവാളിച്ച മുഖത്തെയും പറ്റ് വിവരിച്ചു കൊടുത്തപ്പോൾ യുദ്ധവിരു നായികയായ സൽമ ക്ഷുഭിതയായി. 'ലോകത്തിലെ ഏറ്റവും വലിയ ജനാധിപ രാജ്യമെന്ന് അഭിമാനിക്കുന്ന നിങ്ങൾ, ഏറ്റവും താഴെ തട്ടിൽ നിന്നുയർന്നുവന ഒരു സമരനായികയെ സമരമുഖത്തു പൊലീസ് ക്രൂരമായി മർദിച്ച് അവശയാ എന്തുകൊണ്ട് വേണ്ടരീതിയിൽ പ്രതിക**

## അസീസ് തരുവണ

മുമ്പൊരിക്കൽ ഇന്ത്യയിലെ പോരാളികളുടെ അമ്മയും വിഖ്യാത എഴുത്തുകാരിയുമായ മഹാശ്വേതാ ദേവി കേരളത്തിൽ ഒരു പൊതുപരിപാടിയിൽ പങ്കെടുക്കാൻ വന്നപ്പോൾ ചിലർ ഗുരുവായൂർ അമ്പല ദർശനത്തിന് അവരെ ക്ഷണിച്ചു. മഹാശ്വേതായുടെ മറുപടി ഇങ്ങനെയായിരുന്നു: 'എനിക്ക് ഗുരുവായൂർ അമ്പലമല്ല കാണേണ്ടത്, അട്ടപ്പാടിയിലെ ആദിവാസികളെയാണ്. അതിനാൽ, അങ്ങോട്ട് പോകാം'. കോഴിക്കോട്ട് നടന്ന സോളിഡാരിറ്റിയുടെ യൂത്ത് സ്പ്രിങ് പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഇംഗ്ലണ്ടിലെ പ്രമുഖ യുദ്ധ വിരുദ്ധ പ്രവർത്തകയും റെസ്പെക്ട് പാർട്ടി മുൻ വൈസ് ചെയറുമായ സൽമാ യാകൂബ്, കേരളത്തിൽ ചെലവഴിച്ച ദിനങ്ങളിൽ കാണാൻ കൊതിച്ചത് വയനാട്ടിലെ ആദിവാസി ജീവിതവും മുത്തങ്ങയിലെ ആദിവാസി പോരാട്ട ഭൂമിയുമായിരുന്നു.

ഇറാഖ് യുദ്ധവേളയിൽ നാറ്റോ സഖ്യകക്ഷികളിൽ മുഖ്യസ്ഥാനമുള്ള ഇംഗ്ലണ്ടിൻെറ ഭരണാധികാരികളിൽ അങ്കലാപ്പുകൾ സൃഷ്ടിച്ചുകൊണ്ട് ലക്ഷക്കണക്കിന് ആളുകളെ അണിനിരത്തി വിനാശകരമായ യുദ്ധ ഭ്രാന്തിനെതിരെ പടുകൂറ്റൻ റാലി സംഘടിപ്പിച്ച സൽമ, യു.കെയിലെ ശ്രദ്ധേയയായ ആക്ടിവിസ്റ്റും രാഷ്ട്രീയ പ്രവർത്തകയുമാണ്.

സോളിഡാരിറ്റിയുടെ യൂത്ത് സ്പ്രിങ് സമ്മേളനത്തിൽ അവതരിപ്പിച്ച 'റെവല്യൂഷൻ ബാൻഡ്' എന്ന ലോകത്തിലെ വിവിധ സമരമുഖങ്ങളിലെ ആവിഷ്കാരങ്ങൾ സൽമയെ അത്യധികം ആവേശഭരിതയാക്കുകയുണ്ടായി. കേരളത്തിലെ വിവിധ സമരമുഖങ്ങളിലെ ആദിവാസി, കീഴാള സമരഗാനങ്ങൾ മുതൽ ഈജിപ്തിലെ തഹ്രീർ സ്ക്വയറിലെ ഖർദാവിയുടെ ജുമുഅ ഖുതുബ വരെ കോർത്തിണക്കിയ 'റവല്യൂഷൻ ബാൻഡി'നെപ്പറ്റിയും സോളിഡാരിറ്റി യൂത്ത് മൂവ്മെൻറിനെക്കുറിച്ചും സൽമ ഇങ്ങനെ പറഞ്ഞു: 'ഇന്നത്തെ ലോകത്തിനാവശ്യമായ പ്രസ്ഥാനമാണ് സോളിഡാരിറ്റി. നീതിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടി പൊരുതുന്ന എല്ലാ സമരങ്ങളെയും പിന്തുണക്കുന്ന ഈയൊരു പ്രസ്ഥാന രൂപമാണ് ഇംഗ്ലണ്ടിൽ ഞങ്ങൾ ആഗ്രഹിക്കുന്നത്. സമകാലിക ലോകം ഇസ്ലാമിൽനിന്ന് പ്രതീക്ഷിക്കുന്നതും ഇത്തരമൊരു പ്രസ്ഥാനത്തെയാണ്. ദീർഘസമയം അച്ചടക്കത്തോടെ നിലത്തിരുന്ന് പരിപാടികൾ ശ്രവിക്കുന്ന ഇത്തരമൊരു സദസ്സ് പാശ്ചാത്യ ലോകത്ത് ചിന്തനീയമല്ല. മൊബൈലിൽ സംസാരിച്ചും മെസേജ് അയച്ചും ശബ്ദമുണ്ടാക്കിയും അക്ഷമരായി പെരുമാറുന്നവരായിരിക്കും ഇത്തരം സദസ്സുകളിൽ നല്ലൊരു ശതമാനവും.

മുത്തങ്ങയിൽ കൊല്ലപ്പെട്ട ജോഗിയുടെ സ്മരണാ സ്തൂപത്തിനു മുന്നിൽ വെച്ച്, മുത്തങ്ങ സമരത്തെയും സി.കെ. ജാനുവിൻെറ പൊലീസ് മർദനമേറ്റ് വീർത്ത്, കരുവാളിച്ച മുഖത്തെയും പറ്റി വിവരിച്ചു കൊടുത്തപ്പോൾ യുദ്ധവിരുദ്ധ നായികയായ സൽമ ക്ഷുഭിതയായി. 'ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് അഭിമാനിക്കുന്ന നിങ്ങൾ, ഏറ്റവും താഴെ തട്ടിൽ നിന്നുയർന്നുവന്ന ഒരു സമരനായികയെ സമരമുഖത്തുവെച്ച് പൊലീസ് ക്രൂരമായി മർദിച്ച് അവശയാക്കിയിട്ടും എന്തുകൊണ്ട് വേണ്ടരീതിയിൽ പ്രതികരിച്ചില്ല? നിങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധത അപ്പോൾ എവിടെയായിരുന്നു? ഇതാണോ നിങ്ങളുടെ ജനാധിപത്യ ബോധം?...

മുത്തങ്ങക്കടുത്ത ഒരു പണിയ ആദിവാസി കോളനിയിൽവെച്ച് ആദിവാസികളുമായി സംസാരിച്ചുകൊണ്ടിരിക്കെ ഈ പട്ടിണിപ്പാവങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയാൻ സൽമക്ക് ആഗ്രഹമുണ്ടായി. ഭൂമി പ്രശ്നം, ദാരിദ്ര്യം, സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ തുടങ്ങി ലൈംഗിക ചൂഷണം വരെയുള്ള പ്രശ്നങ്ങൾ സംക്ഷിപ്തമായി വിവരിച്ചുകൊടുത്തപ്പോൾ സൽമ പറഞ്ഞു: 'ഇന്ത്യയുടെ യഥാർഥ മുഖം ഇതാണ്. ഏറ്റവും പിന്നാക്കം നിൽക്കുന്ന ഈ സമൂഹങ്ങൾ വിമോചിതരാകുന്ന ഒരു കാലമായിരിക്കണം നിങ്ങളുടെ സ്വപ്നം'.

1960കളിൽ പാകിസ്താനിൽനിന്ന് ഇംഗ്ലണ്ടിലേക്ക് കുടിയേറിയവരാണ് സൽമയുടെയും ഭർത്താവ് അഖിൽ ചൗധരിയുടെയും കുടുംബം. 1971ലാണ് സൽമയുടെ ജനനം. ആദ്യകാലങ്ങളിൽ ഫുട്ബാൾ കളിച്ചും അടിച്ചുപൊളിച്ചും നടന്നിരുന്ന സൽമ രാഷ്ട്രീയ പ്രബുദ്ധയാവുന്നത് സെപ്റ്റംബർ 11ൻെറ ഭീകരാക്രമണത്തോടെയാണ്.

മൂന്നു കുട്ടികളുടെ മാതാവായ സൽമ ഇന്ന് യു.കെയിലെ പോരാളികളുടെ അമ്മയും സഹോദരിയുമാണ്. 2005ലും 2010ലും ഇംഗ്ലണ്ടിലെ പാർലമെൻറിലേക്ക് റെസ്പെക്ട് പാർട്ടി സ്ഥാനാർഥിയായി അവർ മത്സരിക്കുകയുണ്ടായി. ഏറെ പാരമ്പര്യങ്ങളുള്ള ലേബർ പാർട്ടിയോടും യാഥാസ്ഥിതിക പാർട്ടിയോടും മല്ലിടിച്ച് രണ്ടാംസ്ഥാനം കരസ്ഥമാക്കാൻ സൽമക്ക് കഴിഞ്ഞു. 2006ലെ പ്രാദേശിക തെരഞ്ഞെടുപ്പിൽ സ്പാർക് ബ്രൂക് വാർഡിൽനിന്ന് ബർമിങ്ഹാം സിറ്റി കൗൺസിലിലേക്ക് 49 ശതമാനം വോട്ടോടെ വിജയിച്ചു.

ഇലക്ഷൻ കാലത്തെ മറക്കാനാവാത്ത രണ്ട് അനുഭവങ്ങൾ സൽമ പങ്കുവെച്ചു. അതിലൊന്ന്, അൽഗുറബാ (Al Ghurabaa) എന്ന മതതീവ്രവാദ പ്രസ്ഥാനം ഉയർത്തിയ വധഭീഷണിയായിരുന്നു. പാശ്ചാത്യ ജനാധിപത്യ സംവിധാനത്തിൽ പങ്കാളിയാവുന്നതും ഇലക്ഷനിൽ മത്സരിക്കുന്നതും ഹറാമാണെന്നും സൽമ കാഫിറാണെന്നും അവർ പ്രചാരണം നടത്തി. സൽമയുടെ പ്രചാരണ ബോർഡുകൾ വ്യാപകമായി നശിപ്പിച്ചു. സൽമയെ വധിക്കുമെന്ന് അവർ പ്രഖ്യാപിച്ചു. 2006ൽ ടെററിസ്റ്റ് ആക്ട് പ്രകാരം ഈ സംഘടനയെ നിരോധിക്കുകയുണ്ടായി.

രണ്ടാമത്തെ അനുഭവം, സൽമയുടെ



സൽമാ യാകൂബ് ജോഗി സ്മാരക സ്തൂപത്തിനുമുന്നിൽ

മഹ്തയോടുള്ള ചിലരുടെ അലർജിയായിരുന്നു. ഇലക്ഷൻ കാലത്ത് അതും വിഷയമായി. അതിനാൽ തീവ്രമതവാദികളുടെയും കപട മതേതര വാദികളുടെയും കണ്ണിലെ കരടായി സൽമ.

2006ൽ മികച്ച പൊതുപ്രവർത്തകക്കുള്ള LIOYDS TSB ഏഷ്യൻ ലെവൽ അവാർഡിന് സൽമ അർഹയായി. 2009ൽ ഇംഗ്ലണ്ടിലെ ഏറ്റവും സ്വാധീനമുള്ള 50 പേരിൽ ഡെയ്‌ലി

ടെലഗ്രാഫ് പത്രം ന വകാശങ്ങൾക്കും സ സൈക്കോ തെറപ്പിം 2009ൽ 'ദ ഗാഡിയന വിതത്തിലെ ഏറ്റവു എന്നായിരുന്നു.